**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XI
# (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
**(FOOD, CIVIL SUPPLIES AND CO-OPERATION)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Procedure and Conduct of Business in the Kerala Legislative Assembly]

2012 ജൂലൈ 24-ാം തീയതി സമർപ്പിച്ചത്

(Presented on 24th July 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XI
# (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും
**(FOOD, CIVIL SUPPLIES AND CO-OPERATION)**

**പീരിയോഡിക്കൽ റിപ്പോർട്ട്**
(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Procedure and Conduct of Business in the Kerala Legislative Assembly]

739/2012.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 31 |

# സബ്ജക്റ്റ് കമ്മിറ്റി XI

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
(2011–2013)

### ഘടന

ചെയർമാൻ :

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണ വകുപ്പുമന്ത്രി

ശ്രീ. അടൂർ പ്രകാശ്
റവന്യൂ വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഗീതാ ഗോപി

ഡോ. എൻ. ജയരാജ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ലൂഡി ലൂയിസ്

,, കെ. കെ. നാരായണൻ

,, ജി. സുധാകരൻ

,, വി. എം. ഉമ്മർ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ 1-4-2011 മുതൽ 31-3-2012 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

2010 ഏപ്രിൽ 8-ാം തീയതിയിലെ 4832/ലെജിൻ 2/09/ലെജി നമ്പർ വിജ്ഞാപന പ്രകാരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 232-ാം ചട്ടം ഭേദഗതി ചെയ്ത് സബ്ജക്റ്റ് കമ്മിറ്റികളുടെ എണ്ണം നിലവിലുണ്ടായിരുന്ന 10-ൽ നിന്നും 14 ആയി പുനർനിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ സബ്ജക്റ്റ് കമ്മിറ്റി VII-ൽ കൈകാര്യം ചെയ്തിരുന്ന ഭക്ഷ്യം, സിവിൽ സപ്ലൈസ്, ഉപഭോക്തൃകാര്യം, സബ്ജക്റ്റ് കമ്മിറ്റി IX കൈകാര്യം ചെയ്തിരുന്ന സഹകരണം എന്നിവ സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി സബ്ജക്റ്റ് കമ്മിറ്റി XI രൂപീകരിക്കുകയുണ്ടായി.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 233 അനുസരിച്ച് 2010 ജൂൺ 28-ാം തീയതിയിലെ 669-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം 2010-2011 കാലയളവിലേക്കുള്ള സബ്ജക്റ്റ് കമ്മിറ്റി XI നിലവിൽ വന്നു. ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. സി. ദിവാകരൻ ചെയർമാനും സഹകരണവും കയറും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ എക്സ്-ഒഫീഷ്യോ അംഗവും സർവ്വശ്രീ. മാത്യു റ്റി. തോമസ്, എം. എം. മോനായി, മോൻസ് ജോസഫ്, അടൂർ പ്രകാശ്, പി. റ്റി. എ. റഹീം, കെ. സി. രാജഗോപാലൻ, എ. എ. ഷുക്കൂർ, കെ. ശിവദാസൻ നായർ എന്നിവർ അംഗങ്ങളുമായ സബ്ജക്റ്റ് കമ്മിറ്റി (2010-2011) 2011 മേയ് 14-ാം തീയതി നിയമസഭ പിരിച്ചുവിടുന്നതുവരെ തുടരുകയുണ്ടായി.

സബ്ജക്റ്റ് കമ്മിറ്റി XI (2011-2013) 2011 ജൂൺ 28-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 15 (ഭാഗം 2) പ്രകാരം നിലവിൽ വന്നു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി ചെയർമാനും സഹകരണം, റവന്യൂ വകുപ്പുമന്ത്രിമാർ എക്സ്-ഒഫീഷ്യോ അംഗങ്ങളും മറ്റ് എട്ട് എം. എൽ. എ.മാർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി ആകെ ഏഴ് യോഗങ്ങൾ ചേരുകയുണ്ടായി. സമിതിയുടെ പ്രഥമയോഗം 2011 ജൂലൈ 27-ാം തീയതി ചേർന്നു. ആദ്യ രണ്ട് യോഗങ്ങളിൽ ധനാഭ്യർത്ഥനകളുടെ പരിശോധനയും അടുത്ത യോഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ടിന്റെ പരിഗണനയും നടന്നു. ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് സമിതി പത്തനംതിട്ട ജില്ലയിലെ കോന്നിയിലുള്ള സപ്ലൈകോ കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുകയും യോഗം ചേരുകയുമുണ്ടായി. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിന്മേലുള്ള നടപടിക്കുറിപ്പുകളുടെ പരിഗണന, കരട് ചട്ടത്തിന്റെ വിജ്ഞാപനത്തിന്റെ സാധൂകരണം, 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന

കളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII, സബ്ജക്റ്റ് കമ്മിറ്റി IX എന്നിവയുടെ അഞ്ചാമത് റിപ്പോർട്ടുകളിന്മേലുള്ള കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ പരിഗണന എന്നിവയ്ക്കായും സമിതി യോഗങ്ങൾ ചേരുകയുണ്ടായി. യോഗങ്ങളിലെ ശരാശരി ഹാജർനില 64% ആയിരുന്നു.

സമിതി ചെയർമാനായിരുന്ന ശ്രീ. ടി. എം. ജേക്കബ് 2011 ഒക്ടോബർ 30-ാം തീയതി നിര്യാതനായതിനെത്തുടർന്ന് 2012 ജനുവരി 7-ാം തീയതിയിലെ 134-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോൺ ചെയർമാനായി നിയോഗിക്കപ്പെട്ടു. സമിതി അംഗമായ ശ്രീ. ആർ. സെൽവരാജ്, എം. എൽ. എ. സ്ഥാനം രാജിവെച്ചതിനെത്തുടർന്ന് 2012 മാർച്ച് 9-ാം തീയതി മുതൽ സമിതിയിൽ ഒഴിവുണ്ടായിട്ടുണ്ട്.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ആന്വൽ പെർഫോമൻസ് റിപ്പോർട്ട് തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും ചേർത്തിരിക്കുന്നു. രണ്ടാം ഭാഗത്തിൽ സമിതി സാധൂകരിച്ച എസ്. ആർ. ഒ., അംഗീകരിച്ച കരട് ചട്ടം സംബന്ധിച്ച വിശദീകരണം എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 2012 ജൂൺ 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
- -2012.

**അനൂപ് ജേക്കബ്,**
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XI.*

# റിപ്പോർട്ട്

## ഭാഗം I

(എ) സബ്ജക്റ്റ് കമ്മിറ്റി XI (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും) 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുകയും അതു സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് 2011 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ | XXVII | — സഹകരണം |
| (ധനാഭ്യർത്ഥന നമ്പർ | XXX | — ഭക്ഷ്യം എന്നതിന്റെ 12,00,00,000 രൂപ ഉൾപ്പെടെ) |
| ധനാഭ്യർത്ഥന നമ്പർ | XXVIII | — പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ | XXX | — ഭക്ഷ്യം |

2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി സമിതി 27-7-2011, 2-8-2011 എന്നീ തീയതികളിൽ യോഗം ചേർന്നു. ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് 16-8-2011-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം എന്നതിന്റെ പരിശോധനയുമായി ബന്ധപ്പെട്ട യോഗത്തിലെ തീരുമാനപ്രകാരം സമിതി 5-9-2011-ൽ യോഗം ചേരുകയും കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ആരംഭിച്ചിട്ടുള്ള ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുകയും ചെയ്തു.

(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശുപാർശകളിന്മേൽ സർക്കാരിൽ നിന്നു ലഭിച്ച മറുപടികൾ 20-10-2011, 21-2-2012 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ നാലാമത് റിപ്പോർട്ട് (2004-05)

**ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യം**

### ശുപാർശ നമ്പർ 30

2408-01-800-93—എം. ജി. പി.യിൽ ഉപഭോക്താവിന് ഗുണനിലവാര അവബോധം നൽകൽ

ഉപഭോക്താക്കളിൽ ഗുണനിലവാര അവബോധം സൃഷ്ടിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ നടപ്പിലാക്ക ണമെന്ന് സമിതി ശുപാർശ ചെയ്യുന്നു:

(1) ഉപഭോക്തൃ സംരക്ഷണ നിയമം 2002-ലെ ഭേദഗതി ഉൾപ്പെടെ മലയാളത്തി ലേക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ച് ജനങ്ങളിലേക്കെത്തിക്കുക.

739/2012.

(2) ത്രിതല പഞ്ചായത്തുകൾ, കുടുംബശ്രീ, സർക്കാരിതര സംഘടനകൾ മുതലായവയുടെ സഹായത്തോടെ താഴെക്കിടയിലുള്ള ജനങ്ങളിലേക്ക് ഉപഭോക്തൃ ഗുണനിലവാര അവബോധം എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

(3) ത്രിതല പഞ്ചായത്തുകൾവഴി ഉപഭോക്തൃ കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുക.

(4) ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ അന്തഃസത്ത ഉൾക്കൊള്ളുന്ന ലഘുലേഖകളും പുസ്തകങ്ങളും അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്യുക.

(5) ഉപഭോക്താക്കളിൽ ഗുണനിലവാര അവബോധം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിൽ ഡോക്യുമെന്ററി ചിത്രങ്ങൾ നിർമ്മിച്ച് ദൃശ്യമാദ്ധ്യമങ്ങളിൽ പ്രദർശിപ്പിക്കുക.

## സ്വീകരിച്ച നടപടികൾ

(1) ഉപഭോക്തൃ സംരക്ഷണ നിയമം 2002-ലെ ഭേദഗതി ഉൾപ്പെടെ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുവാൻ നിയമ (പബ്ളിക്കേഷൻ) വകുപ്പിനോട് ആവശ്യപ്പെടുകയും നിയമവകുപ്പ് നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

(2) ത്രിതല പഞ്ചായത്തുകൾ, കുടുംബശ്രീ, സർക്കാരിതര സംഘടനകൾ മുതലായവയുടെ സഹായത്തോടെ താഴെക്കിടയിലുള്ള ജനങ്ങളിലേക്ക് ഉപഭോക്തൃ ഗുണനിലവാര അവബോധം എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക എന്ന ശുപാർശ നടപ്പിലാക്കിവരുന്നു. എല്ലാ ജില്ലകളിലും സർക്കാർ ജില്ലാ കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ നിയമസഭാ സാമാജികർ, ഗ്രാമപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് മെമ്പർമാർ, കർഷകർ, നിർമ്മാതാക്കൾ, വ്യവസായികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, സന്നദ്ധ ഉപഭോക്തൃ സംഘടനകളുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നു. ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ സപ്ളൈ ഓഫീസർ മെമ്പർ സെക്രട്ടറിയുമായി പ്രവർത്തിക്കുന്ന ഈ സംവിധാനം ജില്ലകളിലെ പ്രധാനപ്പെട്ട ഉപഭോക്തൃ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായിക്കുന്നു. ഉപഭോക്തൃകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു വരുന്ന ഉപഭോക്തൃ ബോധവൽക്കരണ പരിപാടികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ ഉപഭോക്തൃ സംഘടനകൾ എന്നിവയെ ഉൾപ്പെടുത്താറുണ്ട്. ഉപഭോക്തൃ ബോധവൽക്കരണ പരിപാടികളിൽ പരമാവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ ഉപഭോക്തൃ സംഘടനകൾ എന്നിവയുടെ സാന്നിദ്ധ്യം ഉറപ്പാക്കണമെന്ന്, ജില്ലാ ഉപഭോക്തൃ സംരക്ഷണ ഉദ്യോഗസ്ഥന്മാർ കൂടിയായ ജില്ലാ സപ്ളൈ ഓഫീസർമാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(3) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ബ്ളോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ജില്ലാ ഉപഭോക്തൃ സംരക്ഷണ കൗൺസിലുകളുടെ മാതൃകയിൽ ഉപഭോക്തൃ സംരക്ഷണ കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(4) ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ പ്രാധാന്യത്തെ ബോധ്യപ്പെടുത്തുന്ന രീതിയിലുള്ള പോസ്റ്ററുകളും ലഘുലേഖകളും പാംലെറ്റ്സുകളും അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്തുവരുന്നു.

(5) ഉപഭോക്താക്കളിൽ ഗുണനിലവാര അവബോധം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിൽ ഡോക്യുമെന്ററി ചിത്രം നിർമ്മിച്ച് പ്രദർശിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 'പണത്തിനുമപ്പുറം' എന്ന പേരിൽ ഒരു ഡോക്യുമെന്ററി ചിത്രം നിർമ്മിക്കുകയുണ്ടായി. ഉപഭോക്താക്കൾ ഏറ്റവും കൂടുതൽ വഞ്ചിക്കപ്പെടുന്ന സ്വർണ്ണാഭരണങ്ങളുമായി ബന്ധപ്പെട്ട ഒരു ഡോക്യുമെന്ററിയാണിത്. ദൂരദർശനിലും മറ്റു ചില ചാനലുകളിലും ഇതിനകം പ്രദർശിപ്പിച്ചിട്ടുള്ള ഈ ഡോക്യുമെന്ററി മറ്റ് ചാനലുകളിലും പ്രദർശിപ്പിക്കുന്നതിനായി, പൊതുജനസമ്പർക്ക വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന ഉപഭോക്തൃ ബോധവൽക്കരണ സെമിനാറുകളിലും പരിപാടികളിലും ഇത് പ്രദർശിപ്പിക്കാറുണ്ട്. ഇതുകൂടാതെ 15 മുതൽ 30 സെക്കന്റു വരെയുള്ള പരസ്യചിത്രങ്ങളും ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനായി ഭക്ഷ്യസുരക്ഷയെ സംബന്ധിക്കുന്ന ഒരു ഡോക്യുമെന്ററിയും നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

## സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ നാലാമത് റിപ്പോർട്ട് (2004-2005)

### **സഹകരണം**

### ശുപാർശ നമ്പർ 7

#### കാർഷികോൽപ്പാദന സബ്സിഡി

കർഷകരെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഈ പദ്ധതിക്ക് നടപ്പു സാമ്പത്തികവർഷം നോൺ പ്ലാൻ ഇനത്തിൽ 3 കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. 26 കോടി രൂപ ആവശ്യപ്പെട്ടിട്ട് 3 കോടി രൂപയാണ് അനുവദിച്ചതെന്നും അതിൽ 2.31 കോടി രൂപയും ചെലവഴിച്ചുകഴിഞ്ഞുവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. വരൾച്ചമൂലം സംസ്ഥാനത്തെ കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ട് നേരിടുന്ന ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അവർക്ക് നൽകിയിട്ടുള്ള വായ്പകൾക്ക് പലിശയിളവ് അനുവദിക്കുന്നത് ഉൾപ്പെടെയുള്ള സഹായം ലഭ്യമാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇതിലേക്കായി 50 കോടി രൂപ ഈ ഹെഡ്ഡിലേക്ക് നടപ്പു സാമ്പത്തികവർഷം തന്നെ അനുവദിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

കർഷകരെ സഹായിക്കുന്നതിനുവേണ്ടിയുള്ള കാർഷികോത്പാദന സബ്സിഡി പദ്ധതിക്ക് നോൺ പ്ലാൻ ഇനത്തിൽ 2003-2004, 2004-2005 എന്നീ സാമ്പത്തിക വർഷങ്ങളിൽ 3 കോടി രൂപ വീതം 2425-00-107-93 എന്ന ശീർഷകത്തിൽ വകകൊള്ളിച്ചിരുന്നു. ആയതിനാൽ 2003-2004 വർഷത്തിൽ 2,98,30,841 രൂപയും 2004-2005 വർഷത്തിൽ 2,95,98,704 രൂപയും ടി പദ്ധതി പ്രകാരം കർഷകർക്ക് അനുവദിച്ച് നൽകിയിരുന്നു. 2004-2005 സാമ്പത്തികവർഷം കാർഷികോത്പാദന സബ്സിഡി നൽകുന്നതിലേക്കായി 26 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതിന് ശുപാർശ

സമർപ്പിച്ചിരുന്നുവെങ്കിലും ഈ പദ്ധതിയിൻകീഴിൽ 2005-2006 സാമ്പത്തികവർഷം 3 കോടി 30 ലക്ഷം രൂപയും 2006-2007 സാമ്പത്തിക വർഷം മുതൽ 2011-2012 സാമ്പത്തികവർഷംവരെ ഓരോ വർഷവും 7 കോടി രൂപ വീതവുമാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. 2004-2005 സാമ്പത്തികവർഷം മുതൽ 2011-2012 സാമ്പത്തിക വർഷംവരെ അനുവദിച്ചു നൽകിയ മൊത്തം തുകയായ 48.30 കോടി രൂപയിൽ, 2011-2012 വർഷത്തെ തുകയായ 7 കോടി രൂപ കഴിച്ചുള്ള ബാക്കി തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

കാർഷികോത്പാദന സബ്സിഡി സ്കീം നിലനിൽക്കുമ്പോൾ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസ്) നിയമം 2001 പ്രകാരം 2003-04 വർഷത്തിൽ 13.99 കോടി രൂപയും 2004-2005 വർഷം ഉപധനാഭ്യർത്ഥനയിലൂടെ 25 കോടി രൂപയും 2005-06 വർഷം 140 കോടി രൂപയും 2425-00-107-75 ശീർഷകത്തിൽ അനുവദിച്ച് കർഷകരുടെ വായ്പകൾക്കുള്ള പലിശ എഴുതിത്തള്ളുകയും ചെയ്തിരുന്നു. കർഷകർക്ക് ഏതെങ്കിലും ഒരു പദ്ധതിയുടെ ആനുകൂല്യമാണ് നൽകിവന്നിരുന്നത്. 2002-03 മുതൽ 2005-06 വർഷംവരെയുള്ള കാലയളവിൽ കർഷകരുടെ വായ്പയിൻമേലുള്ള പലിശ തുക മുഴുവൻ സർക്കാർ സഹകരണ സംഘങ്ങൾക്ക് റീഫണ്ട് ചെയ്തു നൽകി വന്നതിനാൽ കാർഷികോത്പാദന സബ്സിഡിക്കാവശ്യമായ തുകയുടെ കണക്കെടുക്കാനോ കൂടുതൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കാനോ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്.

2011-2012 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്കായി ഒരു "ഉത്തേജന പലിശ ഇളവു പദ്ധതി" സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ ഒന്നാമത് റിപ്പോർട്ട് (2006-2007)

**സഹകരണം**

ശുപാർശ നമ്പർ 5

2425-00-107-75—കാർഷിക വായ്പകൾക്ക് പലിശ അവധി നൽകിയതുവഴി സഹകരണ സംഘങ്ങൾക്ക് പലിശയിനത്തിലുണ്ടായ നഷ്ടം പരിഹരിക്കുന്നതിനുള്ള സഹായം

കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസം) ആക്ട് 2001 പ്രകാരമുള്ള ധനസഹായത്തിനായി ഈ വർഷം ഒരു കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ നാല് വർഷമായി ഈ പദ്ധതി പ്രകാരം കർഷകർക്ക് അവർ എടുത്ത കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നതിനുള്ള പ്രോത്സാഹനം ഇനത്തിൽ ലഭിക്കേണ്ട തുക കുടിശ്ശികയാണ്. കുടിശ്ശികയിനത്തിൽതന്നെ 52 കോടി രൂപ കർഷകർക്ക് നൽകാനുണ്ട്. കുടിശ്ശിക നൽകുന്നതിനും ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനും ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച ഒരു കോടി രൂപ 50 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സഹകരണസംഘങ്ങൾ ബാങ്കുകൾ വിതരണം ചെയ്തിരുന്ന 50,000 രൂപ വരെയുള്ള കാർഷിക കടങ്ങൾക്ക് കേരള കാർഷിക കടാശ്വാസ പദ്ധതിയിൻകീഴിൽ 23-1-2004 മുതൽ ഒരു വർഷത്തെ പലിശയിളവ് ആനുകൂല്യമായി 35.16 കോടി രൂപ സർക്കാർ അനുവദിച്ച് നൽകിയിരുന്നതിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 33,54,93,745 രൂപ ഇതിനോടകം സഹകരണസംഘം രജിസ്ട്രാർ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുകയിൽ അനുവദിക്കുന്നതിനായി ബാക്കിനിൽക്കുന്ന 1,61,06,255 രൂപയും 29-12-2001 മുതൽ 6 മാസത്തെ പലിശയിളവ് ആനുകൂല്യമായി സർക്കാർ അനുവദിച്ച് നൽകിയ 13.42 കോടി രൂപയും ചേർത്ത് 15,03,06,255 രൂപ സഹകരണസംഘം രജിസ്ട്രാറുടെ പേരിലുള്ള റ്റി. എസ്. ബി. 14906-ൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുകയാണ്. ജില്ലാതലത്തിലുള്ള പ്രീ-ആഡിറ്റ് നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും ബഹുമാനപ്പെട്ട സമിതിയെ അറിയിക്കുന്നു.

ശുപാർശ നമ്പർ 8

2425-00-108-47—പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുവേണ്ടി സഹകരണ അക്കാദമിക്കുള്ള സഹായധനം

CAPE – ന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് കുടിശ്ശിക ഇനത്തിൽ നൽകേണ്ട തുക നൽകുന്നതിനും, ഈ മേഖലയിൽ പുതിയവ ആരംഭിക്കുന്നതിനുമായി 52 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2006-2007 വർഷം പ്രൊഫഷണൽ വിദ്യാഭ്യാസ കാര്യങ്ങൾക്കായി 5 കോടി രൂപ ഗ്രാന്റ് ഇനത്തിൽ പദ്ധതിയേതര ചെലവ് ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ കേപ്പിന് നൽകാനുള്ള തുകയിൽ 2007-2008 വരെ 36.10 കോടി രൂപ ഇതിനോടകം നൽകി കഴിഞ്ഞിട്ടുണ്ട്. 2008-2009 വർഷത്തിൽ 1.21 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ബാക്കി നൽകാനുള്ള തുക 44.60 കോടി രൂപ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താൻ അപേക്ഷിച്ചുവെങ്കിലും ആയത് ലഭ്യമായില്ല. ഗ്രാന്റിനത്തിൽ നൽകാൻ ബാക്കിയുള്ള 44.60 കോടി രൂപ വകയിരുത്താൻ 2009-2010 വർഷത്തെ ബഡ്ജറ്റിൽ അപേക്ഷ സമർപ്പിച്ചു. 2009-2010 വർഷം 1.331 കോടി രൂപ കൂടി വകയിരുത്തിയിട്ടുണ്ട്. 2010-2011 സാമ്പത്തികവർഷം പ്ലാൻ ഇനത്തിൽ 3 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 1.4641 കോടി രൂപയും ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 16

4425-00-107-99 (02)<br>
4425-00-107-98 (02) } വായ്പാ സഹകരണ സംഘങ്ങൾക്കുള്ള നിക്ഷേപങ്ങൾ<br>
4425-00-107-97 (02)

നബാർഡിന്റെ ദേശീയ ഗ്രാമീണ വായ്പാ നിധിയിൽ നിന്നും വായ്പയെടുത്ത് ധനസഹായം നൽകി വായ്പാ സഹകരണ സംഘങ്ങളുടെ ബാങ്കുകളുടെ മൂലധനശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ ഹെഡിൽ വകയിരുത്തിയിരിക്കുന്ന 90,00,000 രൂപ

അപര്യാപ്തമായതിനാൽ ഈയിനത്തിൽ 2,00,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2006-2007-ൽ 4425-00-107-99 (2) 4425-00-107-98(2), 4425-00-107-97(2) എന്നീ ശീർഷകങ്ങളിൽ യഥാക്രമം 25 ലക്ഷം രൂപ, 15 ലക്ഷം രൂപ, 50 ലക്ഷം രൂപ എന്നീ തുകകൾ വകയിരുത്തിയത് കൂടാതെ ഉപധനാഭ്യർത്ഥനവഴി 4425-00-107-99 (02) എന്ന ശീർഷകത്തിൽ 72,53,000 രൂപ കൂടി ലഭിച്ചിട്ടുണ്ട്. എന്നാൽ 2008-2009 വർഷത്തിൽ മേൽപ്പറഞ്ഞ ശീർഷകത്തിൽ മൊത്തം 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ 2,27,71,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 2009-2010 വർഷം 10 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ 9.60 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 20

റബ്കോയ്ക്ക് ധനസഹായം

റബ്കോയ്ക്ക് ഓഹരി മൂലധനമായി 15 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റബ്കോയുടെ പുനരുദ്ധാരണത്തിനായി 2007-2008 വാർഷിക പദ്ധതിയോടനുബന്ധിച്ച് എൻ.സി.ഡി.സി.യിൽ നിന്ന് സർക്കാർവഴി 55.76 കോടി രൂപയുടെ ധനസഹായം അനുവദിച്ചു. റബ്കോ 31-3-2008 വരെ എടുത്തിട്ടുള്ള വായ്പ, പലിശ, പിഴപ്പലിശ എന്നീയിനങ്ങളിൽ അടയ്ക്കുവാനുള്ള 38,45,01,691 രൂപ സർക്കാരിന്റെ 4-7-2009-ലെ 112/2008/സഹ. ഉത്തരവ് പ്രകാരം സർക്കാർ ഓഹരിയായി മാറ്റപ്പെട്ടിട്ടുണ്ട്. കൂടാതെ ലോട്ടറി ധനസഹായഫണ്ടിൽ നിന്ന് 1 കോടി രൂപയും പീഡിത സംഘങ്ങളുടെ പുനരുദ്ധാരണം ഇനത്തിൽ 2009-2010 വർഷം 50 ലക്ഷം രൂപയും റബ്കോയ്ക്ക് അനുവദിച്ചിട്ടുണ്ട്.

സബ്ജക്ട് കമ്മിറ്റി VII-ന്റെ രണ്ടാമത് റിപ്പോർട്ട് (2007-2008)

**ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യം**

ശുപാർശ നമ്പർ 78

17-11-2006-ലെ ജി.ഒ. (ആർറ്റി.) നമ്പർ 405/06/ഭ.സി.സ.ഉ.ക.വ. പ്രകാരം സംസ്ഥാനതല ഭക്ഷ്യോപദേശക സമിതി പുനഃസംഘടിപ്പിച്ച് സർക്കാർ ഉത്തരവായി. പുനഃസംഘടിപ്പിക്കപ്പെട്ട സമിതിയിൽ ചെയർമാനായ ഭക്ഷ്യമന്ത്രിക്കുപുറമേ ഏഴ് നിയമസഭാംഗങ്ങളുൾപ്പെടെ 33 അംഗങ്ങളുണ്ട്. സമിതിയുടെ യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും സമിതിയംഗങ്ങൾക്ക് യാത്രാപ്പടി, സിറ്റിംഗ് ഫീസ് എന്നിവ നൽകുന്നതിനും ഇപ്പോൾ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ഇതിലേയ്ക്കായി ഈ ശീർഷകത്തിനു കീഴിൽ പുതിയ ഉപശീർഷകത്തിൽ 5 ലക്ഷം രൂപ വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

പുനഃസംഘടിപ്പിച്ച ഭക്ഷ്യോപദേശക സമിതിയുടെ യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും സമിതിയംഗങ്ങൾക്ക് യാത്രാപ്പടി, സിറ്റിംഗ് ഫീസ് എന്നിവ നൽകുന്നതിനും 2007-08-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ സമിതി നിർദ്ദേശിച്ച പ്രകാരം ഒരു പുതിയ ശീർഷകത്തിനു (3456-00-001-89) കീഴിൽ 5 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള ശുപാർശ ലഭിക്കുകയും 2008 ഫെബ്രുവരി മാസത്തെ ഉപധനാഭ്യർത്ഥനയിലൂടെ പ്രസ്തുത തുക 3456-00-001-89 ഭക്ഷ്യോപദേശക സമിതി ശീർഷകത്തിനുകീഴിൽ വകയിരുത്തുകയും ചെയ്തു.

## ശുപാർശ നമ്പർ 79

3456-00-001-99-സിവിൽ സപ്ലൈസ്—34 മറ്റു ചെലവുകൾ.

സിവിൽസപ്ലൈസ് വകുപ്പിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായി 2007-2008-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന 3 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ 7 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

സിവിൽസപ്ലൈസ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനായി 2007-2008 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ '3456-00-001-99-34 അതർ എക്സ്പെൻസസ് (പ്ലാൻ)' എന്ന ശീർഷകത്തിൽ 3 ലക്ഷം രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. പ്രസ്തുത തുകയിൽ നിന്നും എൻ.ഐ.സി. കമ്പ്യൂട്ടർ സെല്ലിലെ കോൺട്രാക്ട് പ്രോഗ്രാമേഴ്സിന് വേതനം നൽകുന്നതിലേയ്ക്കായി 2,10,950 രൂപയും കെൽട്രോണിൽ നിന്ന് കമ്പ്യൂട്ടറും മറ്റനുബന്ധ സാമഗ്രികൾ വാങ്ങിയതിനും കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായുള്ള കേബിളിന് പണികൾ നടത്തിയതിനുമായി 74,294 രൂപയും എൻ.ഐ.സി. കമ്പ്യൂട്ടർ സെല്ലിലേയ്ക്ക് മോഡം വാങ്ങിയതിനായി 1248 രൂപയും ചേർത്ത് ആകെ 2,86,492 രൂപ ചെലവായിട്ടുണ്ട്. ബാക്കി 13508 രൂപ സറണ്ടർ ചെയ്യുകയുണ്ടായി.

## ശുപാർശ നമ്പർ 81

3456-00-001-90—ഉപഭോക്തൃ ക്ഷേമനിധി

ഉപഭോക്തൃ സംരക്ഷണ സമിതി സംഘങ്ങൾ, ഗ്രാമീണ കൺസ്യൂമർ സഹകരണ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഈ പദ്ധതിക്ക് സംസ്ഥാന വിഹിതമായി അനുവദിച്ചിരിക്കുന്ന 10 ലക്ഷം രൂപ 15 ലക്ഷമായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ഉപഭോക്തൃ ക്ഷേമനിധിയിലേയ്ക്ക് 2007-2008 സാമ്പത്തിക വർഷം അനുവദിച്ച 10 ലക്ഷം രൂപ 15 ലക്ഷമായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും തുക 15 ലക്ഷമായി 2007-2008 സാമ്പത്തിക വർഷം ഉയർത്തിക്കിട്ടില്ല.

## ശുപാർശ നമ്പർ 85

2408-01-800-98—ഉപഭോക്തൃദിനാഘോഷം

ദേശീയ ഉപഭോക്തൃ ദിനാഘോഷത്തോടനുബന്ധിച്ച് ഓരോ വർഷവും ഉപഭോക്തൃ അവകാശ സംരക്ഷണ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംഘടനകളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് യഥാക്രമം 50,000 രൂപ 30,000 രൂപ 20,000 രൂപ വീതം ക്യാഷ് അവാർഡ് നൽകിവരുന്നു. ഇതു സംബന്ധിച്ച ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ഒരു ലക്ഷം രൂപ അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2408-01-800-98—ഉപഭോക്തൃദിനാഘോഷം എന്ന ശീർഷകത്തിൽ രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡിനായി ഒരു ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിനുപുറമേ ദേശീയ ഉപഭോക്തൃ ദിനാഘോഷവും ലോക ഉപഭോക്തൃ ദിനാഘോഷവും സംഘടിപ്പിക്കുന്നതിനായി 1.50 ലക്ഷം രൂപയും ദേശീയ ഭക്ഷ്യദിനാഘോഷത്തിനായി 50,000 രൂപയും ഉൾപ്പെടെ 2 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന ശുപാർശ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചിരുന്നു.

എന്നാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരുന്ന ഒരു ലക്ഷത്തിനുപുറമേ 1.5 ലക്ഷം രൂപ മാത്രമേ അനുവദിച്ചുകിട്ടിയുള്ളു. ഈ തുകയിൽ ഒരു ലക്ഷം രൂപ അവാർഡ് വിതരണത്തിനും 50,000 രൂപ വീതം മൂന്നു ദിനാചരണങ്ങൾക്കുമായി ഉപയോഗിക്കുകയുണ്ടായി.

## ശുപാർശ നമ്പർ 86

2408-01-800-94—അന്ത്യോദയ അന്നയോജന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഭക്ഷ്യധാന്യങ്ങൾ വിതരണത്തിന് എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും മറ്റു ചെലവുകളും

ഈ പദ്ധതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് നൽകിവരുന്ന അരിയുടെ കടത്തുകൂലി, കൈകാര്യ ചെലവ്, വിൽപ്പന നികുതി മുതലായ ചെലവുകൾ സംസ്ഥാന സർക്കാർ വഹിക്കുന്നതിനാണ് ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നത്. 2007-2008 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷത്തിൽ അന്ത്യോദയ അന്നയോജന പദ്ധതിക്കുവേണ്ടി കേന്ദ്രഗവൺമെന്റ് നൽകിവരുന്ന അരിയുടെ കടത്തുകൂലി, കൈകാര്യ ചെലവ്, വിൽപ്പന നികുതി മുതലായ ചെലവ് വഹിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന

10 കോടി രൂപ അപര്യാപ്തമായതിനാൽ സമിതി നിർദ്ദേശിച്ചിരുന്നപ്രകാരം 5 കോടി രൂപ അധികമായി വകയിരുത്തുന്നതിന് സർക്കാരിന് ശുപാർശ ലഭിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ ധനസ്ഥിതി കണക്കിലെടുത്ത് പ്രസ്തുത സാമ്പത്തിക വർഷത്തിൽ കൂടുതൽ തുക വകയിരുത്തുകയോ, 2008-09 വർഷത്തെ ബഡ്ജറ്റ് വിഹിതമായി കൂടുതൽ തുക ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ശുപാർശ നമ്പർ 87

2408-01-800-91—സപ്ലൈകോ കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ്

2006-2007 സാമ്പത്തിക വർഷത്തെ ഒറിജിനൽ ബഡ്ജറ്റിൽ ഈ ഇനത്തിന് 2 കോടി രൂപ വകകൊള്ളിച്ചിരുന്നു. പുതുക്കിയ ബഡ്ജറ്റിൽ അത് ഒരു കോടി രൂപയായി കുറവ് ചെയ്തു. ആയത് പൂർണ്ണമായും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചു. കേന്ദ്രം അനുവദിച്ച 5 കോടി രൂപയുടെ മാച്ചിംഗ് ഗ്രാന്റായി ഈ വർഷത്തെ ബഡ്ജറ്റിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതമായ 45 ലക്ഷം രൂപയ്ക്ക് പുറമേ 155 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കമ്മിറ്റിയുടെ ശുപാർശപ്രകാരം 2007-08-ലെ ബഡ്ജറ്റ് വിഹിതമായ 45 ലക്ഷം രൂപയ്ക്ക് പുറമേ 155 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിനായി നിർദ്ദേശംവച്ചെങ്കിലും സർക്കാരിന്റെ സാമ്പത്തികനില കൂടി കണക്കിലെടുത്ത് പരിഗണിക്കുകയുണ്ടായില്ല.

ശുപാർശ നമ്പർ 88

4408-01-101-95—റേഷൻ കാർഡ് പുതുക്കൽ

സംസ്ഥാനത്ത് നിലവിലുള്ള 70 ലക്ഷത്തോളം റേഷൻ കാർഡുകൾ 2007-08 സാമ്പത്തിക വർഷം പുതുക്കി നൽകേണ്ടതാണ്. റേഷൻ കാർഡുകളിൽ ഗൃഹനാഥന്റെ ഫോട്ടോ പതിച്ച് ലാമിനേറ്റ് ചെയ്തു നൽകുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കാർഡൊന്നിന് 10.40 രൂപ നിരക്കിലാണ് കെൽട്രോൺ ഈ ജോലി നിർവ്വഹിക്കുന്നത്. റേഷൻ കാർഡ് അച്ചടിക്കുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി 10 കോടി രൂപ ചെലവുവരുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ, ഈ ശീർഷകത്തിൽ 9.5 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷം 70 ലക്ഷത്തോളം ഫോട്ടോ പതിച്ച ലാമിനേറ്റ് ചെയ്ത റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചതനുസരിച്ച് കാർഡൊന്നിന് 10.40 രൂപ നിരക്കിൽ ഇത്രയും കാർഡുകൾ ലാമിനേറ്റ് ചെയ്യുന്നതിനുള്ള ചുമതല കെൽട്രോണിനെ ഏൽപ്പിച്ചിരുന്നു. പ്രസ്തുത ചെലവുകൾക്കായി സമിതി നിർദ്ദേശിച്ചിരുന്നപ്രകാരം 9.5 കോടി രൂപ വകയിരുത്തുന്നതിനുള്ള ശുപാർശ പരിഗണിക്കുകയുണ്ടായി. ഇതിൽ 5 കോടി രൂപ 2007 ജൂലൈ മാസത്തെ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ചിരുന്നു (ഡിമാന്റ് നമ്പർ XXX).

## ശുപാർശ നമ്പർ 89

**2408-01-800-88—ഉപഭോക്തൃ ഫോറങ്ങളുടെ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തുന്നതിന് ഉപഭോക്തൃ സംരക്ഷണത്തിനുള്ള ഇന്റഗ്രേറ്റഡ് പ്രോജക്ട്**

കേന്ദ്ര സർക്കാരിന്റെ 'ഇന്റഗ്രേറ്റഡ് പ്രോജക്ട് ഓൺ കൺസ്യൂമർ പ്രൊട്ടക്ഷൻ' എന്ന പദ്ധതിയുടെ ഭാഗമായി, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റേയും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടേയും അടിസ്ഥാന സൗകര്യ വികസനത്തിനും കെട്ടിടനിർമ്മാണത്തിനും വേണ്ടിയാണ്. ഈ പദ്ധതിപ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനുള്ള 99 ലക്ഷം രൂപ 31-3-2007-ന് മുൻപായും കെട്ടിട നിർമ്മാണത്തിനുള്ള 266.5 ലക്ഷം രൂപ 31-3-2008-ന് മുൻപായും ചെലവഴിക്കണമെന്നതായിരുന്നു കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം. സർക്കാരിന്റെ 19-2-2007-ലെ 74/07/ഭ.പൊ.ഉ.ക. നമ്പർ ഉത്തരവനുസരിച്ച് 'ഇന്റഗ്രേറ്റഡ് പ്രോജക്ട് ഓൺ കൺസ്യൂമർ പ്രൊട്ടക്ഷൻ' എന്ന പദ്ധതി പ്രകാരം 2,65,50,000 രൂപ ചെലവാക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിരുന്നു. അതിൽ നിർദ്ദേശിച്ചിരുന്നതുപ്രകാരം ഈ തുക ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശുപാർശ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അവസാന ഉപധനാഭ്യർത്ഥനയിൽ ഈ തുക ഉൾപ്പെടുത്തുകയും ചെയ്തു. സർക്കാരിന്റെ 29-3-2007-ലെ 140/07/ഭ.പൊ.ഉ.ക നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതിയുടെകീഴിൽ 26,45,965 രൂപ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുകയായ 2,39,04,035 രൂപ സാമ്പത്തിക വർഷാവസാനം സറണ്ടർ ചെയ്തിരുന്നു. ഈ തുക 2007-2008 സാമ്പത്തിക വർഷം പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കേണ്ടതുണ്ട്. എന്നാൽ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇതിലേയ്ക്കാവശ്യമായ തുക വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ കേന്ദ്രസഹായം പൂർണ്ണമായും വിനിയോഗിക്കുന്നതിനായി ഉപഭോക്തൃ ഫോറങ്ങളുടെ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തുന്നതിന് ഉപഭോക്തൃ സംരക്ഷണത്തിനുള്ള ഇന്റഗ്രേറ്റഡ് പ്രോജക്ട് എന്ന പുതിയ ശീർഷകം ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുകയും കഴിഞ്ഞ സാമ്പത്തിക വർഷം സറണ്ടർ ചെയ്ത 2,39,04,035 കൂടി 2408-01-800-88 എന്ന ശീർഷകത്തിൽ അനുവദിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ/ഫോറങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കെട്ടിട നിർമ്മാണത്തിനുമായി കേന്ദ്ര സർക്കാർ അനുവദിച്ച 2,65,50,000 രൂപ 2006-2007 സാമ്പത്തിക വർഷത്തെ രണ്ടാംവട്ട ഉപധനാഭ്യർത്ഥനയിലൂടെ (മാർച്ച്-2007) 2408-01-800-88 ഇന്റഗ്രേറ്റഡ് പ്രോജക്ട് ഓൺ കൺസ്യൂമർ പ്രൊട്ടക്ഷൻ എന്ന ശീർഷകത്തിനുകീഴിൽ അനുവദിക്കുകയുണ്ടായി. ഇതിൽ 26,45,965 രൂപ ചെലവഴിക്കുകയും 239,04,035 രൂപ അതേ വർഷം സറണ്ടർ ചെയ്യുകയും ചെയ്തു. ടി തുക (രൂപ 2,39,05,000) 2007-2008 സാമ്പത്തിക വർഷത്തെ ഒന്നാംവട്ട ഉപധനാഭ്യർത്ഥനയിലൂടെ (ജൂലൈ 2007) മേൽ സൂചിപ്പിച്ച ശീർഷകത്തിനുകീഴിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം അനുവദിച്ച തുകയിൽ നിന്നും 2,38,70,949 രൂപ ചെലവഴിക്കുകയും 34,051 രൂപ സാമ്പത്തിക വർഷാവസാനം (2007-2008) സറണ്ടർ ചെയ്യുകയും ചെയ്തു.

സമിതി നിർദ്ദേശിച്ചപ്രകാരം കേന്ദ്ര സഹായം പൂർണ്ണമായും വിനിയോഗിച്ച് ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തുന്നതിന് 2008-2009 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2408-01-800-88-ഇന്റഗ്രേറ്റഡ് പ്രോജക്ട് ഓൺ കൺസ്യൂമർ പ്രൊട്ടക്ഷൻ ഫോർ സ്ട്രെങ്തനിംഗ് ദ ഇൻഫ്രാസ്ട്രക്ച്ചർ ഓഫ് കൺസ്യൂമർ ഫോറം എന്നൊരു പുതിയ ശീർഷകം ഉൾപ്പെടുത്തുകയുണ്ടായി.

## സബ്ജക്ട് കമ്മിറ്റി IX-ന്റെ രണ്ടാമത് റിപ്പോർട്ട് (2007-2008)

**സഹകരണം**

### ശുപാർശ നമ്പർ 7

സംസ്ഥാനത്ത് 15,000-ത്തോളം സഹകരണ സ്ഥാപനങ്ങൾ നിലവിലുണ്ട്. സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങൾ നിലനിന്നുപോകേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ സ്ഥാപനങ്ങളുടെ നിലനിൽപ്പിനും മെച്ചപ്പെട്ട പ്രവർത്തനത്തിനും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തേണ്ടതാണ്. എന്നാൽ ഇതിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേയ്ക്ക് സഹകരണ വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള മുഴുവൻ തുകയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇനം തിരിച്ച് തുക ആവശ്യപ്പെട്ടിരിക്കുന്ന സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.

സഹകരണ സ്ഥാപനങ്ങളുടെ നിലനിൽപ്പിനായി ഓരോ ഇനത്തിലും ആവശ്യപ്പെട്ടിട്ടുള്ള തുകതന്നെ ലഭിക്കേണ്ടതാണെന്ന് സമിതി കരുതുന്നു. ആയതിനാൽ അതാത് ശീർഷകങ്ങളിൽ ആവശ്യപ്പെട്ട തുകതന്നെ അനുവദിക്കണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

### XXVII—സഹകരണം എന്ന ധനാഭ്യർത്ഥനയുടെകീഴിൽ വരുന്ന വിവിധ കണക്കിനങ്ങളിലെ ബഡ്ജറ്റ് വിഹിതവും സമിതി ശുപാർശ ചെയ്യുന്ന വിഹിതവും കാണിക്കുന്ന സ്റ്റേറ്റ്മെന്റ്

| ക്രമ നമ്പർ | കണക്കിനം | 2007-2008 വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ) | സമിതി ശുപാർശ ചെയ്യുന്ന വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2425-00-107-94 എൻ.സി.ഡി.സി.യുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പാക്കുന്ന സംയോജിത സഹകരണ വികസന പദ്ധതി (സംസ്ഥാന വിഹിതം) | 100.00 | 200.00 |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | 2425-00-107-76(01)<br>4425-00-107-87<br>6425-00-107-71 (01)<br>മാക്രോ മാനേജ്മെന്റ് പദ്ധതികൾ ക്കുള്ള സാമ്പത്തിക സഹായം (സംസ്ഥാന വിഹിതം) | 10.00<br>10.00<br>10.00 | 17.00<br>17.00<br>16.00 |
| 3 | 2425-00-107-80<br>4425-00-107-89<br>പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾക്കുള്ള സഹായം | 50.00<br><br>250.00 | 100.00<br><br>900.00 |
| 4 | 4425-00-108-89<br>അപ്പക്സ് സംസ്കരണ സംഘങ്ങൾ നിക്ഷേപങ്ങൾ ഉപഭോക്തൃ സഹകരണ സംഘങ്ങൾ | 250.00 | 300.00 |
| 5 | 2425-00-108-49<br>4425-00-108-45<br>6425-00-108-22<br>ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കുള്ള സാമ്പത്തിക സഹായം | 40.00<br>5.00<br>5.00 | 100.00<br>50.00<br>50.00 |
| 6 | 2425-00-108-53<br>4425-00-108-44<br>6425-00-108-21<br>നീതി സ്റ്റോറുകൾക്കുള്ള സാമ്പത്തിക സഹായം | 5.00<br>10.00<br>10.00 | 10.00<br>20.00<br>20.00 |
| 7 | 2425-00-003-89-04-1<br>2425-00-003-89-09<br>സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം | Nil<br>45.00 | 10.00<br>90.00 |
| 8 | 2425-00-108-47<br>പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം | 110.00 | 5000.00 |
| 9 | 6425-00-107-86<br>കാർഷിക ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപം/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ കടപത്രം വാങ്ങൽ | 50.00 | 500.00 |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | 2425-00-001-92<br>ഇൻഫർമേഷൻ സംവിധാനം | Nil | 120.00 |
| 11 | 2425-00-108-67<br>4425-00-108-68<br>മറ്റ് സഹകരണ സംഘങ്ങൾക്കുള്ള സഹായം | 10.00<br>50.00 | 300.00<br>700.00 |
| 12 | 2425-00-108-61<br>4425-00-108-51<br>6425-00-108-29<br>ദുർബലവും എന്നാൽ പുരോഗമിക്കാൻ സാധ്യതയുമുള്ള സഹകരണസംഘങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പാക്കേജ് | 10.00<br>5.00<br>10.00 | 50.00<br>150.00<br>150.00 |
| 13 | 2425-00-108-60<br>4425-00-108-50<br>6425-00-108-28<br>വൻതോതിലുള്ള വാണിജ്യ പ്രവർത്തനങ്ങൾക്ക് സഹകരണ സ്ഥാപനങ്ങൾക്ക് സഹായം | 5.00<br>10.00<br>10.00 | 40.00<br>80.00<br>80.00 |
| 14 | സഹകരണ സമുച്ചയം ഏർപ്പെടുത്തുന്നതിന് ധനസഹായം | പുതിയ പദ്ധതി | 200.00 |
| 15 | ദുർബല സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സഹായം | പുതിയ പദ്ധതി | 200.00 |
| 16 | ദുർബല അനുബന്ധ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സഹായം | പുതിയ പദ്ധതി | 300.00 |
| 17 | തൊഴിൽ കരാർ സംബന്ധിച്ച സഹകരണ സംഘങ്ങൾക്കുള്ള സഹായം പുതിയ പദ്ധതി | പുതിയ പദ്ധതി | 50.00 |
| 18 | കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ധനസഹായം | പുതിയ പദ്ധതി | 200.00 |
| 19 | സഹകരണ മേഖലയിൽ കാർഷിക ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനേജ്മെന്റ് സ്ഥാപിക്കുന്നതിനുള്ള ധനസഹായം | പുതിയ പദ്ധതി | 1000.00 |
| 20 | സഹകരണ മേഖലയിലെ പ്രചാരണ പ്രവർത്തനത്തിനുള്ള ധനസഹായം | പുതിയ പദ്ധതി | 100.00 |

## സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷം ചുവടെപ്പറയുന്ന ശീർഷകങ്ങളിൽ സഹകരണ വകുപ്പ് ആവശ്യപ്പെട്ട മുഴുവൻ തുകയും വകയിരുത്തുകയുണ്ടായി :

2425-108-76

4425-108-71

6425-108-64

2425-108-51

4425-108-42

6425-108-19

2408-02-195-86

4409-02-195-86

6408-02-195-65

2007-2008 സാമ്പത്തിക വർഷം ഓരോ ശീർഷകത്തിലും വകയിരുത്താൻ സമർപ്പിച്ച തുകയും ഓരോ ശീർഷകത്തിലും വകയിരുത്തിയ തുകയുടേയും വിവരം ചുവടെ ചേർക്കുന്നു :

(തുക ലക്ഷത്തിൽ)

| ശീർഷകം | സമർപ്പിച്ച തുക | വകയിരുത്തിയ തുക |
|---|---|---|
| (1) | (2) | (3) |
| 2425-107-94 | 200.00 | 100.00 |
| 2425-107-76(01) | 50.00 | 10.00 |
| 4425-107-87 | | 10.00 |
| 6425-107-71(01) | | 10.00 |
| 2425-107-80 | 500.00 | 300.00 |
| 4425-107-89 | | |
| 4216-80-195-99(05) | 100.0 | 200.00 |
| 4216-80-195-99(05) | 25.00 | 00 |
| 4425-108-89 | 300.00 | 250.00 |
| 2425-108-49 | | |
| 4425-108-45 | 65.00 | 50.00 |
| 6425-108-22 | | |

| 1 | 2 | 3 |
|---|---|---|
| 2425-108-53 | | |
| 4425-108-44 | 100.00 | 25.00 |
| 6425-108-21 | | |
| 2425-003-89-9 | 100.00 | 45.00 |
| 2425-108-58 | 200.00 | 00.00 |
| 2425-001-92 | 100.00 | 15.00 |
| 2425-108-98 | 16.98 | 5.00 |
| 2425-101-96 | 16.00 | 00.00 |
| 2425-101-95 | 21.00 | 00.00 |
| 2425-101-94 | 0.01 | 0.00 |
| 2425-101-93 | 6.00 | 00.00 |
| 2425-101-92 | 0.01 | 00.00 |
| 2425-108-67 | 100.00 | 60.00 |
| 4425-108-68 | | |
| 2425-108-61 | | |
| 4425-108-51 | 350.00 | 25.00 |
| 6425-108-20 | | |
| 2425-108-60 | | |
| 4425-108-50 | 50.00 | 25.00 |
| 6425-108-28 | | |
| 6425-107-86 | 500.00 | 50.00 |
| 4216-80-195-99(06) | 100.00 | 250.00 |
| **സ്റ്റേറ്റ് പ്ലാൻ ആകെ** | **2900.00** | **1430.00** |
| 4425-107-99(02) | | 125.00 |
| 4425-107-98(02) | 750.00 | 75.00 |
| 4425-107-97(02) | | 250.00 |
| 2425-107-76(02) | | 110.00 |
| 4425-107-87(02) | 450.00 | 110.00 |
| 6425-107-71(02) | | 50.00 |
| സി.എസ്.എസ്. | **1200.00** | **720.00** |

| 1 | 2 | 3 |
|---|---|---|
| 2425-108-51 | | 01.00 |
| 4425-108-42 | 1400.00 | 399.99 |
| 6425-108-19 | | 1000.00 |
| 2408-02-195-86 | | 01.00 |
| 4408-02-195-86 | 1200.00 | 500.00 |
| 6408-02-195-65 | | 999.99 |
| 2425-108-76 | | 180.00 |
| 4425-108-71 | 1400.00 | 600.00 |
| 6425-108-64 | | 320.00 |
| എൻ.സി.ഡി.സി. ആകെ | 4000.00 | 4000.00 |

### ശുപാർശ നമ്പർ 8

2425–00 –107-94—എൻ.സി.ഡി.സി.യുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പാക്കുന്ന സംയോജിത സഹകരണവികസന പദ്ധതി (സംസ്ഥാന വിഹിതം)

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി) പ്രകാരമുള്ള ധനസഹായം നിലവിൽ ഹ്രസ്വകാല പദ്ധതികൾക്കാണ് നൽകി വരുന്നത്. ഈ ധനസഹായം ദീർഘകാല പദ്ധതികൾക്കും കൂടി നൽകേണ്ടതാണെന്നും അഗ്രികൾച്ചറൽ പ്രൈമറി സൊസൈറ്റികളെ കൂടി ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ട താണെന്നും ഇതിലേയ്ക്കായി വിഹിതം 2 കോടിയായി വർദ്ധിപ്പിച്ചു നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

### സ്വീകരിച്ച നടപടി

സംയോജിത സഹകരണ വികസന പദ്ധതി എൻ.സി.ഡി.സി.യുടെ ധനസഹായത്തോടുകൂടി സഹകരണസംഘങ്ങളിലൂടെ ഒരു പ്രദേശത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന സമയബന്ധിതമായ പദ്ധതിയാണ്. ഐ.സി.ഡി.പി.യുടെ കാലാവധി 5 വർഷമാണ്. പ്രസ്തുത നിബന്ധനയ്ക്ക് എൻ.സി.ഡി.സി.യോ, സർക്കാരോ നാളിതുവരെ മാറ്റംവരുത്തിയിട്ടില്ല. സമയബന്ധിതമായി നടപ്പിലാക്കുന്നപദ്ധതി എന്നനിലയിൽ ദീർഘകാല പദ്ധതികൾക്കുള്ള ധനസഹായം പ്രായോഗികമല്ല.അഗ്രികൾച്ചറൽ പ്രൈമറി സംഘങ്ങളെ ഈ പദ്ധതിയുടെ പരിധിയിൽ

ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നുണ്ട്. 2011-12 സാമ്പത്തിക വർഷത്തേക്ക് 2425-108-76 ശീർഷകത്തിൽ 50 ലക്ഷം രൂപ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ടീമിന്റെ ശമ്പളം, വിവിധങ്ങളായ പരിശീലന പരിപാടികൾ എന്നിവയ്ക്കുവേണ്ടി വകയിരുത്തിയിട്ടുണ്ട്. കൂടാതെ 4425-00-108-71 ശീർഷകത്തിൽ 150 ലക്ഷം രൂപയും 6425 -108-74 ശീർഷകത്തിൽ 75 ലക്ഷം രൂപയും ഉൾപ്പെടെ മൊത്തം 2.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 10

2425 –00 –108-67
4425–00–108–68—മറ്റ് സഹകരണ സംഘങ്ങൾക്കുള്ള സഹായം

തൊഴിലധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുന്ന വിവിധതരം സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം നൽകുന്നതിനുവേണ്ടിയാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്. ഓഹരി മൂലധനം, വായ്പ പ്രവർത്തന ഗ്രാന്റ്, സബ്സിഡി എന്നീ ഇനങ്ങളിൽ സഹായം നൽകി വരുന്നു. ഈ പദ്ധതിക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന 60 ലക്ഷം രൂപ തീരെ അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷം നോൺ പ്ലാൻ ഇനത്തിൽ പ്രസ്തുത ശീർഷകത്തിൽ 110 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സർക്കാർ ഉത്തരവ് ജി.ഒ (ആർറ്റി.) 700/07/സഹ. തീയതി 15-11-2007 പ്രകാരം ടി തുക തൊഴിലധിഷ്ഠിത സഹകരണ വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള സഹകരണ അക്കാഡമിക്ക് നൽകിയിട്ടുണ്ട്.

4425-108-68 എന്ന ശീർഷകത്തിൽ 2008-09 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ മൊത്തം തുകയും ചെലവഴിച്ചിട്ടുണ്ട്. 2009-2010 വർഷത്തിൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതിൽ 79,05,000 രൂപ ഇതിനകം മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായത്തിന് ചെലവഴിച്ചിട്ടുണ്ട്.

2425-108-67 എന്ന ശീർഷകത്തിൽ 2008-2009 സാമ്പത്തിക വർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ മൊത്തം തുകയും ചെലവാക്കിയിട്ടുണ്ട്. 2009-2010 വർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 18,75,000 രൂപയും മറ്റ് സഹകരണ സംഘങ്ങൾക്കായുള്ള ധനസഹായത്തിന് ചെലവഴിച്ച് നൽകിയിട്ടുണ്ട്. 2009-10 വർഷം 40 ലക്ഷത്തോളം രൂപയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടെങ്കിലും അതിൽ കൂടുതൽ പ്രൊപ്പോസലുകളും ന്യൂനതകളുള്ളതിനാൽ അനുവദിക്കാൻ കഴിയാത്ത അവസ്ഥയാണ്.

ശുപാർശ നമ്പർ 13

2425-00-108-47-09—പ്രൊഫഷണൽ എഡ്യുക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാദമിക്കുള്ള ധനസഹായം

സമൂഹത്തിലെ ദുർബല വിഭാഗങ്ങളിൽപ്പെട്ടവരുടേയും വിദ്യാഭ്യാസപരമായും, സാമൂഹികമായും പിന്നോക്കം നിൽക്കുന്നവരുടേയും മക്കൾക്കുകൂടി പ്രൊഫഷണൽ

വിദ്യാഭ്യാസം ലഭ്യമാക്കാനുള്ള ലക്ഷ്യത്തിലാണ് ഈ പ്രൊഫഷണൽ കോളേജുകൾ സ്ഥാപിച്ചിരിക്കുന്നത്. ഈ സാമൂഹ്യ ബാദ്ധ്യത നിറവേറ്റുന്നതിന് സർക്കാരിനും ഒഴിച്ചുകൂടാനാകാത്ത ചുമതലകളും ബാദ്ധ്യതകളുമുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഈ പ്രൊഫഷണൽ കോളേജുകൾ നിലനിർത്തി കൊണ്ടുപോകുക എന്നത് തീർത്തും ദുഷ്കരമായിരിക്കുകയാണ്. ഈ കോളേജുകളുടെ നടത്തിപ്പിൽ ഇതുവരെ കുമിഞ്ഞുകൂടിയ ബാദ്ധ്യതകൾ ഒരളവോളമെങ്കിലും ഒഴിവാക്കാനായി പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളിൽനിന്നും അധിക ഡെപ്പോസിറ്റ് ഇനത്തിൽ സർക്കാരിൽ നിക്ഷേപിച്ചിട്ടുള്ള തുകയ്ക്കനുസൃതമായി സഹകരണ പ്രൊഫഷണൽ അക്കാഡമിക്ക് ലഭിക്കേണ്ട ഗ്രാന്റിനത്തിൽപ്പെടുത്തി 50 കോടി രൂപ ഈ വർഷം തന്നെ കൊച്ചി സഹകരണ മെഡിക്കൽ കോളേജിന് അനുവദിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ട്രഷറി സ്മാൾ സേവിംഗ് ഡെപ്പോസിറ്റ് പദ്ധതി പ്രകാരം 2011-2012 സാമ്പത്തിക വർഷത്തിൽ 41.805 കോടി രൂപ കേപ്പിന് നൽകാൻ ബാക്കി നിൽപ്പുണ്ട്. 2011-2012 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രസ്തുത തുക അനുവദിക്കുന്നതിന് അപേക്ഷിച്ചിരുന്നുവെങ്കിലും ആയത് ലഭിച്ചിട്ടില്ല.

ഈ ഇനത്തിൽ 2010-11 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകകൊള്ളിച്ച 146.11 ലക്ഷം രൂപ സഹകരണ സംഘം രജിസ്ട്രാറുടെ 27-11-2010-ലെ എം.റ്റി (3) 27814/ 2010 നമ്പർ ഉത്തരവ് പ്രകാരം കേപ്പിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

2010-11 സാമ്പത്തിക വർഷത്തിൽ കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ക്യാമ്പസിലെ നഴ്സിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി പദ്ധതി ഇനത്തിൽ വകകൊള്ളിച്ചിരുന്ന 3 കോടി രൂപയും സഹകരണ സംഘം രജിസ്ട്രാറുടെ 5-2-2011-ലെ എം. റ്റി (3) 23789/2010 നമ്പർ ഉത്തരവ് പ്രകാരം കേപ്പിന് പിൻവലിച്ച് നൽകിയിട്ടുണ്ട്.

2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ഇനത്തിൽ 1.75 കോടി രൂപയും പദ്ധതി ഇനത്തിൽ 4 കോടി രൂപയും ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

ശുപാർശ നമ്പർ 14

പാവപ്പെട്ടവരുടെയും ദുർബല വിഭാഗങ്ങളിൽപ്പെടുന്നവരുടേയും കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് അവശേഷിക്കുന്ന ആശാനാളങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ ഈ കോളേജുകൾ നിലനിൽക്കണമെങ്കിൽ ഈ സഹായം അനിവാര്യമാണ്. തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും ഈ സ്ഥാപനങ്ങൾക്ക് ഇതനുസരിച്ചുള്ള അർഹമായ വിഹിതം വകയിരുത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേപ്പ് ഏറ്റെടുത്ത പുന്നപ്രയിലെ സ്കൂട്ടേഴ്സ് കേരള എന്ന സ്ഥാപനത്തിന്റെ സെയിൽസ് ടാക്സ് കുടിശ്ശിക തീർക്കുന്നതിനായി 21,94,709 രൂപ 2010-11 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതരയിനത്തിൽ ഗ്രാന്റായി സർക്കാർ അനുവദിച്ചിട്ടുണ്ട്.

ട്രഷറി സ്മോൾ സേവിംഗ്സ് ഡെപ്പോസിറ്റ് പദ്ധതി പ്രകാരം കേപ്പിന് അനുവദിക്കാൻ ബാക്കിയുള്ള തുക 2011-12 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത വർഷം 1.75 കോടി രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂവെന്നും ബോധിപ്പിക്കുന്നു.

ശുപാർശ നമ്പർ 15

2425-00-108-53
4425-00-108-44
6425-00-108-21—നീതിസ്റ്റോറുകൾക്കുള്ള സാമ്പത്തിക സഹായം

നീതിസ്റ്റോറുകൾക്കായുള്ള ബഡ്ജറ്റ് വിഹിതം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പകുതിയായി വെട്ടിച്ചുരുക്കിയിരിക്കുകയാണ്. സമൂഹത്തിലെ പാവപ്പെട്ടവർക്ക് ആശ്രയമായി രൂപം കൊടുത്ത നീതിസ്റ്റോറുകൾ നല്ലനിലയിൽ പ്രവർത്തിപ്പിക്കാനാവശ്യമായ സഹായം സർക്കാരിൽ നിന്നും ലഭിക്കുമെന്ന പ്രതീക്ഷ നിലനിൽക്കുമ്പോഴാണ് ഈ അപ്രതീക്ഷിതമായ വിഹിതംവെട്ടിക്കുറയ്ക്കൽ നടത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ വിഹിതമായിരുന്ന 50 ലക്ഷം രൂപയെങ്കിലും പുനഃസ്ഥാപിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2425-108-53, 4425-108-44, 6425-108-21 എന്നീ ശീർഷകത്തിൽ യഥാക്രമം 10ലക്ഷം രൂപ, 20 ലക്ഷം രൂപ, 20 ലക്ഷം രൂപ എന്നിങ്ങനെ 50 ലക്ഷം രൂപ 2009-10 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2010-2011 സാമ്പത്തിക വർഷത്തിലും മേൽപ്പറഞ്ഞ 3 ശീർഷകങ്ങൾക്കുമായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 16, 17, 18

6425-00-107-86—കാർഷിക ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപം /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ കടപത്രം വാങ്ങൽ

വികസന പരിപാടികൾ നടപ്പിലാക്കുന്നതിന് ധനം സ്വരൂപിക്കാൻ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് പുറപ്പെടുവിക്കുന്ന കടപത്രങ്ങൾ വാങ്ങുകവഴി സംസ്ഥാന സർക്കാർ ബാങ്കിന് ധനസഹായം നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള തുകയാണിത്.

ഈ പദ്ധതികൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്നത് 50 ലക്ഷം രൂപമാത്രമാണ്. സംസ്ഥാന സർക്കാർ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് ആനുപാതികമായാണ് നബാർഡിന്റെ റീഫൈനാൻസ് സംസ്ഥാനത്തിന് ലഭിക്കുന്നത്. ഈ ഇനത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് ആനുപാതികമായി വളരെ നാമമാത്രമായ തുക മാത്രമേ നബാർഡിൽ നിന്നും റീ ഫൈനാൻസായി ലഭിക്കുകയുള്ളു. ആയതിനാൽ ഈ പദ്ധതിയിലേക്കായി ആവശ്യപ്പെട്ടിരുന്ന 5 കോടി രൂപയും നിർബന്ധമായും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് പുറപ്പെടുവിക്കുന്ന കടപത്രങ്ങൾ വാങ്ങുന്നതിന് സംസ്ഥാന സർക്കാരിന്റെ വിഹിതമായി ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിക്കണമെന്ന് കേരള നിയമസഭ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിരുന്നുവെങ്കിലും ഈ ഇനത്തിൽ അത്രയും തുക അനുവദിക്കുന്നതിനായി ബാങ്ക് അപേക്ഷ സമർപ്പിക്കാതിരുന്ന സാഹചര്യത്തിൽ ടി പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നില്ല.

2009-10 വർഷത്തേക്ക് 50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ടി തുക പൂർണ്ണമായും വിനിയോഗിച്ചു കഴിഞ്ഞതിനാൽ ഈ ഇനത്തിൽ 175 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കുന്നതിന് 25-10-2009-ലെ സി.എൽ.റ്റി (1) 48495/ 2009 നമ്പർ കത്ത് മുഖേന സർക്കാരിന് അപേക്ഷ സമർപ്പിക്കുകയും സർക്കാരിന്റെ സ.ഉ. (സാധാ) നമ്പർ 371/2010/സഹ. തീയതി 27-5-2010-ലെ ഉത്തരവ് പ്രകാരം 1 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായി അനുവദിക്കുകയും ആയത് ബാങ്കിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VII-ന്റെ മൂന്നാമത് റിപ്പോർട്ട് (2008-09)

**ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യം**

ശുപാർശ നമ്പർ 84

3456-00-001-99—സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ്—34 മറ്റു ചെലവുകൾ

ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 2008-09-ലെ ആവശ്യങ്ങൾക്ക് തീരെ അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സിവിൽ സപ്ലൈസ് വകുപ്പിലെ കമ്പ്യൂട്ടറൈസേഷനു വേണ്ടിയാണ് ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരം 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കുന്നതിനും ചെലവഴിക്കുന്നതിനുമുള്ള ശുപാർശ സർക്കാരിൽ സമർപ്പിച്ചുവെങ്കിലും അധിക തുക അനുവദിച്ചില്ല. 13-8-2008-ലെ ജി. ഒ. (ആർറ്റി.) നമ്പർ 85/08 പ്രകാരം പത്ത് ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചതിൽ 71,528 രൂപ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി. (Annual Maintenance Contract) ഏർപ്പെടുത്തുന്നതിനായി കെൽട്രോണിന് അനുവദിച്ചു നൽകി. കൂടാതെ ടെട്രാ പി ഡി എസ് സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായി എൻ ഐ സി കമ്പ്യൂട്ടർ സെല്ലിൽ ദിവസകൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മൂന്ന് കമ്പ്യൂട്ടർ പ്രോഗ്രാമർമാർക്ക് 1,73,675 രൂപയും അനുവദിച്ചിട്ടുണ്ട്. എൻ ഐ സിയുടെ

സോഫ്റ്റ്വെയർ വികസനത്തിന്റെ ആവശ്യത്തിലേക്കായി സെൻട്രൽ സെർവറും മറ്റ് സബ് ഓഫീസുകളിലേക്ക് കമ്പ്യൂട്ടറുകളും മറ്റനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.

ശുപാർശ നമ്പർ 85

3456-00-001-96—പൊതു വിതരണ സമ്പ്രദായം സംബന്ധിച്ച പരിശീലന പരിപാടി

2005-06 സാമ്പത്തിക വർഷം മുതൽ സിവിൽ സപ്ലൈസ് വകുപ്പിൽ പ്രത്യേകിച്ച് പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്കും, അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർക്ക് മുകളിലുള്ള ഉദ്യോഗസ്ഥർക്കും, പൊതു വിതരണവുമായി ബന്ധപ്പെട്ടതും, ധനവിനിയോഗത്തെ സംബന്ധിച്ചിട്ടുള്ളതുമായ വിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകി വരുന്നു. പരിശീലന പരിപാടിക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തുലോം കുറവായതിനാൽ 5 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിൽ പുതുതായി പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്കും അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ആഫീസർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്കും പൊതു വിതരണ സമ്പ്രദായത്തെക്കുറിച്ചുള്ള പരിശീലനം നൽകുന്നതിനാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. പരിശീലനത്തിനായി ഇതുവരെ 1,30,913 രൂപ ഈ ശീർഷകത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനായി ഐഎംജി യുമായി നിരന്തരം സമ്പർക്കം പുലർത്തി വരുന്നു. ടി ശീർഷകത്തിൽ 5 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി മാത്രമേ ലഭിച്ചിട്ടുള്ളൂ. ആയതിനാൽ സബ്ജക്ട് കമ്മിറ്റി ശുപാർശ പ്രകാരമുള്ള അഡീഷണൽ ആതറൈസേഷനുള്ള ശുപാർശ സമർപ്പിക്കാൻ സാധിച്ചില്ല.

സബ്ജക്ട് കമ്മിറ്റി VII-ന്റെ നാലാമത് റിപ്പോർട്ട്(2009-10)

**ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യം**

ശുപാർശ നമ്പർ 65

2408-01-190—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്

സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനത്തുടനീളം മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, ശബരി സൂപ്പർ മാർക്കറ്റുകൾ, ശബരി സ്റ്റോറുകൾ എന്നിവയിലൂടെ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന വില്പന വിലയിൽ സാധനങ്ങൾ വിതരണം ചെയ്താണ് കമ്പോളത്തിലെ അവശ്യവസ്തുക്കളുടെ വില നിയന്ത്രണം നടത്തി വരുന്നത്. അവശ്യ സാധനങ്ങളുടെ കമ്പോള വിലയുമായി താരതമ്യ പഠനം നടത്തിയതിനുശേഷമാണ് കോർപ്പറേഷന്റെ ഓരോ മാസത്തേയും വില നിശ്ചയിക്കുന്നത്.

മാവേലി സാധനങ്ങൾ മിതമായ നിരക്കിൽ സാധാരണക്കാർക്ക് പൊതു വിപണിയിൽ നിന്നും സംഭരിച്ചു വിതരണം ചെയ്യുമ്പോൾ സാധനങ്ങളുടെ വിലയിലുണ്ടാകുന്ന വ്യത്യാസം കോർപ്പറേഷന് ലഭ്യമാക്കുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 100 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 2009-10-ലെ മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരുന്ന തുക 30 കോടിയിൽ നിന്നും 83 കോടിയായി ഉയർത്തിയിട്ടുണ്ട്.

## സബ്ജക്ട് കമ്മിറ്റി IX-ന്റെ നാലാമത് റിപ്പോർട്ട് (2009-10)

**സഹകരണം**

ശുപാർശ നമ്പർ 4

2425 - 00- 107- 93—കാർഷികോത്പാദനച്ചെലവ് സമാശ്വാസ പദ്ധതി

വീഴ്ച വരുത്താതെ വായ്പതുക കൃത്യമായി അടയ്ക്കുന്ന ഗുണഭോക്താവിന് തിരിച്ചടവിൽ 5% സബ്സിഡി അനുവദിക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഈ ആവശ്യത്തിലേക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ച 700 ലക്ഷം രൂപ മതിയാവുകയില്ലെന്നും മുൻവർഷങ്ങളിലെ കുടിശ്ശികയുൾപ്പെടെ അടച്ചുതീർക്കുന്ന തിനായി 58 കോടി രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കാർഷികോത്പാദന ചെലവ് സമാശ്വാസ പദ്ധതിപ്രകാരം, മുൻവർഷങ്ങളിലെ കുടിശ്ശികയായ 58 കോടി രൂപ കൊടുത്തു തീർക്കുന്നതിലേക്കായി 2009-2010 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥന വഴി പ്രസ്തുത തുക ഉൾപ്പെടുത്തുവാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. 2009-2010 സാമ്പത്തിക വർഷത്തിൽ 7 കോടി രൂപ ഈ ഇനത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നു. ശീർഷകത്തിൽ കൂടുതൽ തുക വകയിരുത്തുന്നതിന് അപേക്ഷിച്ചുകൊണ്ട് 2010-2011 വർഷവും ഉപധനാഭ്യർത്ഥന വഴി തുക വകയിരുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

ശുപാർശ നമ്പർ 5

2425-00-108-47—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാദമിക്കുള്ള സഹായം

സഹകരണമേഖലയിലുള്ള പ്രൊഫഷണൽ കോളേജുകളുടെ നടത്തിപ്പിലേക്കായി വളരെയധികം സാമ്പത്തിക ബാദ്ധ്യത വരുന്നതായി സമിതി വിലയിരുത്തുന്നു. ഈ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും ഇതുവരെയുണ്ടായ ബാദ്ധ്യതകൾ തീർക്കുന്നതിനുമായി പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ

സ്ഥാപനങ്ങളിൽ നിന്നും അധിക ഡെപ്പോസിറ്റ് ഇനത്തിൽ സർക്കാരിൽ നിക്ഷേപിച്ചിട്ടുള്ള തുകയ്ക്കനുസൃതമായി സഹകരണ പ്രൊഫഷണൽ അക്കാഡമിക്ക് ലഭിക്കേണ്ട ഗ്രാന്റ് ഇനത്തിൽ ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ 43.27 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2006-2007 സാമ്പത്തിക വർഷം പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി 5 കോടി രൂപ ഗ്രാന്റ് ഇനത്തിൽ പദ്ധതിയേതര ചെലവ് ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ കേപ്പിന് നൽകാനുള്ള തുകയിൽ 2007-2008 വരെ 36.10 കോടി രൂപ ഇതിനോടകം നൽകി കഴിഞ്ഞിട്ടുണ്ട്. 2008-2009 വർഷത്തിൽ 1.21 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 2009-10 വർഷം 1.331 കോടി രൂപ നൽകിയിട്ടുണ്ട്. 2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 43.269 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തുന്നതിന് അപേക്ഷിച്ചിരുന്നെങ്കിലും പ്ലാൻ ഇനത്തിൽ 3 കോടി രൂപയും പദ്ധതിയേതരമായി 1.4641 കോടി രൂപയും മാത്രമേ ബഡ്ജറ്റിൽ കേപ്പിനായി വകയിരുത്തിയിട്ടുള്ളൂ. ടി 3 കോടി രൂപയും 1.4641 കോടി രൂപയും അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

ശുപാർശ നമ്പർ 6

2425-00-108-80—ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനം

നിത്യോപയോഗ സാധനങ്ങളുടെ അനിയന്ത്രിതമായ വിലക്കയറ്റംമൂലം പൊറുതിമുട്ടുന്ന സാധാരണ ജനങ്ങൾക്ക് ഒരു ആശ്വാസമാണ് കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഉത്സവച്ചന്തകളും ന്യായവില കമ്പോളങ്ങളും, ആവശ്യമായ ഫണ്ടിന്റെ അഭാവംമൂലം ഇവയുടെ പ്രവർത്തനം പ്രതിസന്ധിയിലാണ്. ഇതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1 കോടി രൂപ സബ്സിഡി ഇനത്തിൽ തന്നെ സർക്കാർ കൺസ്യൂമർഫെഡിന് കൊടുത്തു തീർക്കാനുള്ള ഭീമമായ കുടിശ്ശികയുമായി തട്ടിച്ചു നോക്കുമ്പോൾ തികച്ചും അപര്യാപ്തമാണെന്നും ആയതിലേക്ക് 14.56 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിൽ സബ്സിഡി ഇനത്തിൽ 2425-00-108-80 എന്ന ശീർഷകത്തിൽ 1 കോടി രൂപ വകയിരുത്തിയിരുന്നു. ഇത് കൂടാതെ പ്രസ്തുത വർഷത്തിൽ ഉത്സവച്ചന്തകൾ നടത്തുന്നതിന് സബ്സിഡിയായി 4 കോടി രൂപ കൂടി അഡീഷണൽ ഓതറൈസേഷൻ വഴി കൺസ്യൂമർഫെഡറേഷന് നൽകിയിരുന്നു. കൂടാതെ ഡിസംബർ 2009-ലെ ഉപധനാഭ്യർത്ഥനപ്രകാരം 15 കോടി രൂപ കൂടി അനുവദിച്ചിരുന്നു. 2010-2011 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 20 കോടി രൂപ അനുവദിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. 2010 ജൂലൈ മാസത്തിലെ ഉപധനാഭ്യർത്ഥനപ്രകാരം ബഡ്ജറ്റിൽ

അനുവദിക്കപ്പെട്ടിരിക്കുന്ന 1 കോടി രൂപയ്ക്ക് ഉപരിയായുള്ള അധിക ചെലവ് വഹിക്കുന്നതിന് നാലു കോടി രൂപയും ധനപുനർവിനിയോഗം വഴി 10 കോടി രൂപയും ഫെബ്രുവരി 2011-ലെ ഉപധനാഭ്യർത്ഥന വഴി 55 കോടി രൂപയും കൂടി അനുവദിച്ചിട്ടുണ്ട്.

### ശുപാർശ നമ്പർ 7

4425-00-200-99—ആർ.ഐ.ഡി.എഫ്. സഹായനിക്ഷേപങ്ങൾ

പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യസഹകരണം മുതലായ പദ്ധതികൾക്കുവേണ്ടിയാണ് ഈ തുക വിനിയോഗിക്കുന്നത്. സർക്കാർ സ്ഥാപനങ്ങൾ അല്ലെങ്കിൽ വകുപ്പ് നേരിട്ട് നടത്തുന്ന സ്ഥാപനങ്ങൾക്ക് മാത്രമാണ് ഈ പദ്ധതിപ്രകാരമുള്ള ധനസഹായം ലഭിക്കുന്നത്. ഇക്കാരണത്താൽ മുൻവർഷങ്ങളിൽ അനുവദിച്ച 5 കോടി രൂപ വിനിയോഗിക്കുവാനാകാതെ നഷ്ടമായിപ്പോയി. ആയതിനാൽ പ്രസ്തുത പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക മിസലേനിയസ് കോ-ഓപ്പറേറ്റീവ് എന്ന നിലയിൽ റീ-അപ്രോപ്രിയേറ്റ് ചെയ്ത് കിട്ടണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാർ സ്ഥാപനങ്ങൾ അല്ലെങ്കിൽ വകുപ്പ് നേരിട്ട് നടത്തുന്ന സ്ഥാപനങ്ങൾക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുന്നത്. എങ്കിലും 2009-2010 സാമ്പത്തിക വർഷം 7.77 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായെങ്കിലും ആയത് അംഗീകരിക്കുകയുണ്ടായില്ല.

മിസലേനിയസ് സഹകരണ സംഘങ്ങൾക്ക് 2009-2010 സാമ്പത്തിക വർഷം 1 കോടി രൂപ അനുവദിച്ചിരുന്നു. 2010-2011 വർഷത്തിൽ 4.30 കോടി രൂപ ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

### ശുപാർശ നമ്പർ 8

2425-00-003-89-09—സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം

കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (ICM), തിരുവനന്തപുരം ICM, മൺവിളയിലുള്ള ACSTI, പരിശീലനത്തിനു പോകുന്ന ഉദ്യോഗസ്ഥരുടെ യാത്രാപ്പടി എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള 45 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, തിരുവനന്തപുരം, കണ്ണൂർ, മൺവിളയിലുള്ള എ.സി.എസ്.റ്റി.ഐ., സംസ്ഥാന സഹകരണ യൂണിയൻ എന്നിവയ്ക്ക് ധനസഹായം നൽകുന്നതിനായി 2425-00-003-89-09 എന്ന ശീർഷകത്തിൽ 2009-10, വർഷത്തിൽ 80 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചെങ്കിലും 45 ലക്ഷം രൂപയാണ് 2009-2010 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്താൻ

സാധിച്ചത്. സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും മുൻവർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം മതിയാകാത്തതിനാലും 2010-2011 വർഷത്തിൽ മുൻവർഷത്തെ വിഹിതത്തെക്കാളും 5 ലക്ഷം വർദ്ധിപ്പിച്ച് 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2009-2010 വർഷത്തിൽ തന്നെ ഐ.സി.എം. കണ്ണൂരിന് 5 ലക്ഷം രൂപയും സംസ്ഥാന സഹകരണ യൂണിയന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ ഏകദേശം 7 ലക്ഷം രൂപയും, നൽകുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ മൺവിളയിൽ പ്രവർത്തിക്കുന്ന ACSTI ആവശ്യപ്പെട്ട മുഴുവൻ തുകയും നൽകുവാൻ കഴിഞ്ഞിട്ടില്ല. തൻവർഷം ഐ.സി.എം. തിരുവനന്തപുരം 20 ലക്ഷം രൂപയുടെയും, ഐ.സി.എം. കണ്ണൂരിന് 35 ലക്ഷം രൂപയുടെയും ചെലവുള്ളതായി അറിയിച്ചിട്ടുണ്ട്. തൻവർഷം അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയിൽ സംസ്ഥാന സഹകരണ യൂണിയൻ ഐ.സി.എം. കണ്ണൂർ എന്നിവയ്ക്ക് നൽകിയ ആകെ തുക കഴിച്ച് 25.75 ലക്ഷം രൂപ മാത്രമാണ് ബാക്കിയുള്ളത്. ട്രെയിനിംഗ് റ്റി.എ. ഇനത്തിൽ തുക മാറ്റിവയ്ക്കേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 25 ലക്ഷം രൂപയും കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ശുപാർശ നമ്പർ 9

2425-00-003-88—സഹകരണ വകുപ്പിലെ പരിശീലനത്തിനുള്ള സഹായം

സഹകരണ മേഖലയിലെ ആഫീസർമാർക്ക് പരിശീലനം നടത്തുന്നതിന് വകയിരുത്തിയിട്ടുള്ള 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അധികമായി 10 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സഹകരണ മേഖലയിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നടത്തുന്നതിന് 2425-00-003-88 ശീർഷകത്തിൽ 2009-2010 സാമ്പത്തിക വർഷം 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 2010-2011 സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി പദ്ധതിയിൽ 20 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ തൻവർഷം ടി ശീർഷകത്തിൽ 20 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 10

2425-00-108-49
4425-00-108-45
6425-00-108-22—ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കുള്ള
സാമ്പത്തിക സഹായം

കൺസ്യൂമർ സ്റ്റോറുകൾക്ക് പുതിയ റീട്ടെയിൽ ഔട്ട്ലെറ്റുകൾ ആരംഭിക്കാൻ വായ്പ നൽകുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കൺസ്യൂമർ സ്റ്റോറുകൾക്ക് പുതിയ റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ തുടങ്ങുന്നതിന് വായ്പായിനത്തിൽ 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. 2008-2009-ൽ 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി വായ്പാ തുക 2009-2010 വർഷത്തിൽ 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൺസ്യൂമർ സംഘങ്ങളിൽ നിന്നും റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും അർഹത ഇല്ലായെന്ന കാരണത്താൽ (ആഡിറ്റ്/പോസിറ്റീവ് നെറ്റ് വർത്ത് മുതലായവ) ടി അപേക്ഷകൾ അംഗീകരിക്കപ്പെടുന്നില്ല. അപേക്ഷകൾക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വായ്പ അനുവദിക്കുന്നതിനുള്ള തുക ഉപധനാഭ്യർത്ഥന വഴിയോ, ധനപുനർവിനിയോഗം വഴിയോ കണ്ടെത്തുന്നതാണ്.

<u>ശുപാർശ നമ്പർ 11</u>

2425-00-108-53
4425-00-108-44
6425-00-108-21—<u>നീതി സ്റ്റോറുകൾക്കുള്ള സാമ്പത്തിക സഹായം</u>

ജീവൻരക്ഷാ മരുന്നുകൾ മിതമായ വിലയ്ക്ക് നൽകുന്നതിന് സഹായകമായ നീതി മെഡിക്കൽ സ്റ്റോറുകളുടെയും, നീതി സ്റ്റോറുകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വകയിരുത്തിയിരുന്ന 50 ലക്ഷം രൂപ തുലോം കുറവായതിനാൽ 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2009-2010 സാമ്പത്തിക വർഷത്തിൽ 2425-00-108-53, 4425-00-108-44, 6425-00-108-21 എന്നീ ശീർഷകങ്ങളിലായി യഥാക്രമം 10 ലക്ഷം, 20 ലക്ഷം, 20 ലക്ഷം എന്നിങ്ങനെ തുകകൾ വകയിരുത്തിയിരുന്നു. നീതി മെഡിക്കൽ സ്റ്റോറുകളുടെയും, നീതി സ്റ്റോറുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശത്തോടെ നീതി സ്റ്റോറുകൾക്കുള്ള സാമ്പത്തിക സഹായം ഒരു കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനു ശ്രമിച്ചിരുന്നെങ്കിലും തുക ഉയർത്തുവാൻ കഴിഞ്ഞില്ല. 2010-2011 സാമ്പത്തിക വർഷവും 50 ലക്ഷം രൂപ മാത്രമേ ടി ശീർഷകങ്ങളിൽ വകയിരുത്താൻ കഴിഞ്ഞിട്ടുള്ളൂ.

<u>ശുപാർശ നമ്പർ 12</u>

2425-00-108-67
4425-00-108-68—<u>മറ്റു സഹകരണ സംഘങ്ങൾക്കുള്ള സഹായം</u>

മറ്റു സഹകരണ സംഘങ്ങളുടെ പട്ടികയിൽപ്പെടുന്ന 1500-ഓളം സഹകരണ സംഘങ്ങൾക്ക് വകയിരുത്തിയിട്ടുള്ള 100 ലക്ഷം രൂപ തികച്ചും അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മറ്റു സഹകരണ സംഘങ്ങളുടെ പട്ടികയിൽപ്പെടുന്ന 1500 ഓളം സംഘങ്ങൾക്ക് 2009-2010 സാമ്പത്തിക വർഷം 100 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിരുന്നുള്ളൂ. എന്നാൽ 2010-2011 സാമ്പത്തിക വർഷം ഈ ഇനത്തിൽ 430 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 116 ലക്ഷം രൂപ 2425-108-67 എന്ന ശീർഷകത്തിലും, 194 ലക്ഷം രൂപ 4425-108-68 എന്ന ശീർഷകത്തിലും 120 ലക്ഷം രൂപ 6425-108-11 എന്ന ശീർഷകത്തിലുമാണ് വകയിരുത്തിയിട്ടുള്ളത്.

ശുപാർശ നമ്പർ 13

2425-00-108-42—പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള സഹായം

712 പട്ടികജാതി/95പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും വികസനത്തിനും വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപ തുലോം കുറവായതിനാൽ 75 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി 2009-10 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. കൂടാതെ 4425-108-68-68 ശീർഷകത്തിൽ 2009-2010 സാമ്പത്തിക വർഷത്തിൽ 14,40,000 രൂപ റീ-അപ്രോപ്രിയേഷൻ വഴി അനുവദിച്ചിട്ടുണ്ട്. അപര്യാപ്തമായതിനാൽ 2010-11 വർഷത്തിൽ 100 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിക്കുന്നതിന് അപേക്ഷിച്ചിരുന്നുവെങ്കിലും പ്രസ്തുത വർഷവും 25 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളൂ.

ശുപാർശ നമ്പർ 14

2425-00-800-98—വിനോദസഞ്ചാര വികസനത്തിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം

കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ പ്രവർത്തിച്ചു വരുന്ന സഹകരണസംഘങ്ങളുടെ പ്രവർത്തന വൈവിദ്ധ്യവൽക്കരണത്തിനായി വകയിരുത്തിയിരുന്ന 30 ലക്ഷം രൂപ തീരെ കുറവായതിനാൽ 70 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരളത്തിലെ പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങളുടെ പരിധിയിൽ പ്രവർത്തിച്ചു വരുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തന വൈവിദ്ധ്യവത്ക്കരണത്തിനായി 2009-2010 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ വകയിരുത്തുന്നതിന് നടപടി

ശ്രമിച്ചിരുന്നെങ്കിലും 30 ലക്ഷം രൂപയാണ് പ്രസ്തുത വർഷം ബഡ്ജറ്റിൽ വകയിരുത്താൻ സാധിച്ചത്. 2010-2011 വർഷത്തിൽ 2009-2010 വർഷം അനുവദിച്ച തുകയ്ക്ക് ആനുപാതികമായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിന് ശ്രമിച്ചെങ്കിലും 30 ലക്ഷം രൂപ മാത്രമേ തൻ വർഷവും ബഡ്ജറ്റിൽ വക കൊള്ളിക്കുവാൻ സാധിച്ചിട്ടുള്ളൂ.

ശുപാർശ നമ്പർ 15

2425-00-108-61
4425-00-108-51
6425-00-108-29—ദുർബലവും എന്നാൽ പുരോഗമിക്കാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പാക്കേജ്

പ്രവർത്തനം മന്ദീഭവിച്ച സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന 40 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 310 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-2010 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 40 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. കൂടാതെ 4425-00-108-51, 6425-00-108-29 എന്നീ ശീർഷകങ്ങളിൽ യഥാക്രമം 3,07,000 രൂപയും 1,34,000 രൂപയും ജി.ഒ.(ആർ റ്റി.) നമ്പർ 2118/10/ഫിൻ. തീയതി 20-3-2010 പ്രകാരം റീഅപ്രോപ്രിയേഷൻ വഴി അനുവദിച്ചിട്ടുണ്ട്. പ്രവർത്തനം മന്ദീഭവിച്ച സംഘങ്ങളെ പുനഃരുജ്ജീവിപ്പിക്കുന്നതിനായി 2010-2011 വർഷത്തിൽ 310 ലക്ഷം രൂപ വകയിരുത്തുന്നതിന് ശ്രമിച്ചെങ്കിലും 100 ലക്ഷം രൂപ മാത്രമെ ബഡ്ജറ്റിൽ വകയിരുത്താൻ സാധിച്ചുള്ളൂ.

ശുപാർശ നമ്പർ 16

2425-00-108-60
4425-00-108-50
6425-00-108-28—വൻതോതിലുള്ള വാണിജ്യ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായം

നല്ല രീതിയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് വൻകിട വാണിജ്യപദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനായി വകയിരുത്തിയിരിക്കുന്ന 25 ലക്ഷം രൂപ ആവശ്യത്തിന് മതിയാകില്ല. ആയതിനാൽ 125 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നല്ല രീതിയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് വൻകിടവാണിജ്യപദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനായി 2009-2010 സാമ്പത്തിക വർഷത്തിൽ 25 ലക്ഷം ഈ ഇനത്തിൽ വകയിരുത്തിയിരുന്നു. 2010-2011 സാമ്പത്തിക വർഷത്തിൽ 125 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതിന് നടപടികൾ സ്വീകരിച്ചെങ്കിലും 25 ലക്ഷം രൂപ മാത്രമേ ടി ശീർഷകത്തിൽ വകയിരുത്താൻ സാധിച്ചുള്ളൂ.

ശുപാർശ നമ്പർ 17

2425-00-001-91—സഹകരണ വകുപ്പിന്റെ നവീകരണം

കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയായ ആഫീസുകളിലെ കമ്പ്യൂട്ടറുകൾ മാറ്റുന്നതിനും ഫാക്സ് മെഷിനുകൾ സ്ഥാപിക്കുന്നതിനുമായി വകയിരുത്തിയിരിക്കുന്ന 15 ലക്ഷം രൂപ തുലോം കുറവായതിനാൽ 35 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സഹകരണ വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയായ ആഫീസുകളിൽ പുതിയ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിനും ഫാക്സ് മെഷീൻ സ്ഥാപിക്കുന്നതിനുമായി 35 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിനായി ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുവദിക്കപ്പെട്ടിട്ടില്ല. 2009-2010 വർഷത്തിൽ ഈ ഇനത്തിൽ 15 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2010-2011 സാമ്പത്തിക വർഷത്തിൽ കൂടുതൽ തുക വകയിരുത്തുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ടി സാമ്പത്തിക വർഷത്തിലും 15 ലക്ഷം രൂപയാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

സബ്ജക്ട് കമ്മിറ്റി VII-ന്റെ അഞ്ചാമത് റിപ്പോർട്ട് (2010-2011)

**ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യം**

ശുപാർശ നമ്പർ 55, 56, 57

സബ്ജക്ട് കമ്മിറ്റി IX-ന്റെ അഞ്ചാമത് റിപ്പോർട്ട് (2010-2011)

**സഹകരണം**

ശുപാർശ നമ്പർ 1 മുതൽ 14 വരെ

മേൽപ്പറഞ്ഞ രണ്ട് റിപ്പോർട്ടുകളിലെയും മുകളിൽ പരാമർശിച്ചിട്ടുള്ള ശുപാർശ കളും നടപടിക്കുറിപ്പുകളും 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, സബ്ജക്ട് കമ്മിറ്റി IX എന്നിവ യുടെ അഞ്ചാമത് റിപ്പോർട്ടുകളിലെ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യം, സഹകരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI (2011-2013)ന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സബ്ജക്ട് കമ്മിറ്റി XI-ന്റെ ഒന്നാമത് റിപ്പോർട്ട് (2011-2012)

**ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യം**

ശുപാർശ നമ്പർ 13

(2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്താനുള്ളത്)

(സി) 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, സബ്ജക്ട് കമ്മിറ്റി IX എന്നിവയുടെ അഞ്ചാമത് റിപ്പോർട്ടുകളിലെ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യം, സഹകരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 2011 ഒക്ടോബർ 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി പരിഗണിച്ച് റിപ്പോർട്ട് അംഗീകരിച്ചുവെങ്കിലും സമിതി ചെയർമാന്റെ നിര്യാണംമൂലം റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിരുന്നില്ല. പ്രസ്തുത റിപ്പോർട്ട് 2012 ഫെബ്രുവരി 21-ാം തീയതി ചേർന്ന യോഗത്തിൽ, സഹകരണ വകുപ്പിൽനിന്ന് വൈകി ലഭിച്ച നടപടിക്കുറിപ്പുകൾ കൂടി പരിഗണിച്ച് ഉൾപ്പെടുത്തി അംഗീകരിക്കുകയും 2012 മാർച്ച് 20-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) 2010-2011 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച സഹകരണ വകുപ്പിന്റെ ആനുവൽ പെർഫോർമൻസ് റിപ്പോർട്ട് സബ്ജക്ട് കമ്മിറ്റി XI-ലെ എക്സ് ഒഫീഷ്യോ അംഗമായ സഹകരണ വകുപ്പുമന്ത്രി 2012 മാർച്ച് 6-ാം തീയതി സഭയുടെ മേശപ്പുറത്തു വച്ചു.

**ഭാഗം II**

(എ) സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന കൂടാതെ കൺസ്യൂമർ പ്രൊട്ടക്ഷൻ (കേരള) അമെന്റ്മെന്റ് റൂൾസ് 2011 (എസ്.ആർ.ഒ. നമ്പർ 50/2011) വിജ്ഞാപനം ചെയ്യാനിടയായ സാഹചര്യം വിശദീകരിച്ചുകൊണ്ട് ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പിൽ നിന്നുള്ള വിശദീകരണം സമിതി അംഗീകരിക്കുകയും നടപടിക്ക് സാധൂകരണം നൽകുകയും ചെയ്തു.

(ബി) കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ചട്ടം, 2000-ലെ ചട്ടം 183(1)-ന്റെ ഭേദഗതി സബ്ജക്ട് കമ്മിറ്റി അംഗീകരിക്കുകയും അസാധാരണ ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും ചെയ്തിരുന്നുവെങ്കിലും ഭേദഗതി അന്തിമ വിജ്ഞാപനം ചെയ്ത് നടപ്പിൽ വരുത്തിയിട്ടില്ലെന്നും തൽക്കാലം പരിഗണനയിലില്ലെന്നുമുള്ള സഹകരണ വകുപ്പിന്റെ മറുപടി സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
- -2012.

**അനൂപ് ജേക്കബ്,**
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XI.*

## അനുബന്ധം

## 27-7-2011-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI—(2011-2013) 2011ജൂലൈ മാസം 27-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ III-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ടി. എം. ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗവും റവന്യൂവകുപ്പുമന്ത്രിയുമായ ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീമതി ഗീതാ ഗോപി, എം. എൽ. എ.
2. ഡോ. എൻ ജയരാജ്, എം. എൽ. എ.
3. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം. എൽ. എ.
4. ശ്രീ. ലൂഡി ലൂയിസ്, എം. എൽ. എ.
5. ശ്രീ. കെ. കെ. നാരായണൻ, എം. എൽ. എ.
6. ശ്രീ. ആർ. സെൽവരാജ്, എം. എൽ. എ.
7. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. വേണു, വി., സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്
2. ശ്രീ. യോഗേഷ് ഗുപ്ത, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്
3. ശ്രീമതി എം. എസ്. ജയ, ഡയറക്ടർ ഓഫ് സിവിൽ സപ്ലൈസ്
4. ശ്രീ. വി. വി. വിനയകുമാർ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ, പൊതു വിതരണ ഉപഭോക്തൃകാര്യ വകുപ്പ്
5. ശ്രീമതി ഉഷ ഹെലൻ വാസ്, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ഡോ. എം. കെ. മുകുന്ദൻ, ഡയറക്ടർ, കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്

7. ശ്രീ. വി. ബാബു രാജേന്ദ്രൻ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

8. ശ്രീമതി എസ്. ശോഭനകുമാരി, അസിസ്റ്റന്റ് കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്

9. ശ്രീ. ഡി. വിഭുകുമാർ, മാനേജർ (മാർക്കറ്റിംഗ്), സപ്ലൈകോ.

സമിതി 2011-2012 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ, ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം എന്നിവയിൽ ഉൾപ്പെടുന്ന കണക്കിനങ്ങൾ പരിഗണനയ്ക്കെടുക്കുകയും യോഗത്തിൽ ഹാജരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. തുടർന്ന് സമിതി താഴെപ്പറയുന്ന നിർദ്ദേശങ്ങളും ശുപാർശകളും നൽകുകയുമുണ്ടായി.

ലീഗൽ മെട്രോളജി വകുപ്പിൽ വാഹനങ്ങൾ വാങ്ങുന്നതിനായി 1,000 രൂപയുടെ ഒരു ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളു. ഫീൽഡിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് വകുപ്പിലെ പഴക്കമുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നതുമൂലം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. വകുപ്പിന് കൂടുതൽ വാഹനങ്ങൾ അനുവദിക്കുന്നതുവഴി പ്രവർത്തനം മെച്ചപ്പെടുത്താനും സർക്കാരിലേക്കുള്ള വരുമാനം ഉയർത്താനും കഴിയുമെന്നതിനാൽ 10 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 60 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

എല്ലാ കാർഡുടമകൾക്കും ചില നിബന്ധനകൾക്ക് വിധേയമായി കിലോഗ്രാമിന് 2 രൂപ നിരക്കിൽ 25 കിലോ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനും, എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും 2011 സെപ്റ്റംബർ മാസം മുതൽ കിലോഗ്രാമിന് 1 രൂപ നിരക്കിൽ 25 കിലോ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനും, റേഷൻ മൊത്ത/ചില്ലറ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനുമുള്ള സർക്കാർ തീരുമാനം നടപ്പിലാക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിനുമായി ആകെ 450,00,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിന് അധികമായി വേണ്ടിവരുന്ന 240.50 കോടി രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്തു.

അവശ്യവസ്തുക്കളുടെ വില നിയന്ത്രിച്ച് അവ വിതരണം ചെയ്യുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ പരിപാടികൾമൂലം കോർപ്പറേഷനുണ്ടാകുന്ന നഷ്ടം നികത്തുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 330.05 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സപ്ലൈകോയുടെ മെഡിക്കൽ ഷോപ്പുകൾ പലതും ആശുപത്രികളുടെ സമീപത്തല്ല പ്രവർത്തിക്കുന്നതെന്നും അവ ആശുപത്രികൾക്ക് സമീപമാണെങ്കിലേ രോഗികൾക്ക് പ്രയോജനപ്പെടുകയുള്ളൂവെന്നും സമിതി അഭിപ്രായപ്പെട്ടു. മരുന്നുകൾ വിലകുറച്ചു വിൽക്കുന്ന സപ്ലൈകോ മെഡിക്കൽ ഷോപ്പുകൾ കൂടുതലെണ്ണം ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ ഉദ്ദേശമെന്നും ഡയബറ്റിസ്, കാൻസർ തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾ വിലകുറച്ചു നല്കുന്നതിനുവേണ്ട നടപടി

സ്വീകരിക്കുമെന്നും ചെയർമാൻ സൂചിപ്പിച്ചു. മരുന്നുകൾ ഉല്പാദകരിൽ നിന്ന് നേരിട്ട് വാങ്ങി ലാഭമെടുക്കാതെ ജനങ്ങൾക്ക് ഉപകാരപ്രദമായരീതിയിൽ, സപ്ലൈകോയുടെ 100 മെഡിക്കൽ ഷോപ്പുകൾ കൂടി ആശുപത്രികളുടെ പരിസരത്തുതന്നെ ഈ സാമ്പത്തികവർഷത്തിൽ ആരംഭിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

ദേശീയ ഉപഭോക്തൃ ദിനാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന ബോധവൽക്കരണ പരിപാടികൾക്കും മറ്റുമായി വരുന്ന ചെലവുകൾക്കായി 1.5 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുളളത്. ഉപഭോക്തൃ അവകാശ സംരക്ഷണ രംഗത്ത് മികച്ച പ്രവർത്തനം നടത്തുന്ന സംഘടനകൾക്കുളള അവാർഡ് തുക, ലോക ഭക്ഷ്യ ദിനാഘോഷങ്ങൾക്കുളള ചെലവ് തുടങ്ങിയവയ്ക്കെല്ലാമായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,50,000 രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്തു.

അന്ത്യോദയ അന്നയോജന പദ്ധതിപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുളള വളരെ പാവപ്പെട്ട കുടുംബങ്ങൾക്ക് കുറഞ്ഞ നിരക്കിൽ അരി വിതരണം ചെയ്യുന്നതിനുളള കടത്തുകൂലി, കൈകാര്യച്ചെലവ്, വില്പന നികുതി മുതലായ ചെലവുകൾക്കായി 10 കോടി രൂപയാണ് വകയിരുത്തിയിട്ടുളളത്. എന്നാൽ സംസ്ഥാനത്തെ കണക്കനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം കേന്ദ്ര സർക്കാരിന്റെ കണക്കിലുള്ളതിനേക്കാൾ കൂടുതലായതിനാൽ പദ്ധതി നടപ്പാക്കുന്നതിന് ഈ തുക തികയുകയില്ല. കൂടാതെ, അരി വിതരണം ചെയ്യുന്ന റേഷൻ വ്യാപാരികൾക്ക് നൽകേണ്ട കമ്മീഷനും കുടിശ്ശികയാണ്. റേഷൻ വ്യാപാരികൾക്ക് നൽകാനുളള തുകയിൽ കുടിശ്ശിക വരുത്തുന്നത് പൊതുവിതരണ സമ്പ്രദായത്തെതന്നെ പ്രതികൂലമായി ബാധിച്ചേക്കുമെന്നതിനാൽ മേല്പറഞ്ഞ ശീർഷകത്തിൽ 8.44 കോടി രൂപ കൂടി അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

റേഷൻ കാർഡ് പുതുക്കുന്നതിനായി ലഭിച്ചിട്ടുള്ള 5 ലക്ഷത്തോളം അപേക്ഷകളിൽ 4 ലക്ഷത്തോളം അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ടെന്നും സെപ്റ്റംബർ മാസം 13-ാം തീയതിക്കകം എല്ലാ അപേക്ഷകർക്കും റേഷൻ കാർഡ് പുതുക്കി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മലയാളം, കന്നഡ എന്നീ ഭാഷകളിൽ അച്ചടിക്കേണ്ടതുകൊണ്ട് കാസർഗോഡ് ജില്ലയിൽ മാത്രം പുതുക്കിയ റേഷൻ കാർഡ് വിതരണത്തിൽ കൂടുതൽ കുടിശ്ശിക വന്നിട്ടുണ്ടെന്നും ചെയർമാൻ വ്യക്തമാക്കി.

ബി. പി. എൽ. വിഭാഗത്തിനുള്ള റേഷൻ കാർഡ് ബൈഫർക്കേറ്റ് ചെയ്ത് പുതിയ കാർഡ് അനുവദിക്കുമ്പോൾ അത് പാവപ്പെട്ട കുടുംബങ്ങൾക്കാണെങ്കിൽകൂടി എ. പി. എൽ. കാർഡ് ആയാണ് അനുവദിക്കാറുള്ളതെന്ന പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ചെയർമാൻ അറിയിച്ചു.

പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുമ്പോൾ കാർഡിൽ ഉൾപ്പെടുത്തേണ്ട വ്യക്തിയുടെ പേര് മറ്റൊരു റേഷൻ കാർഡിലും ഉൾപ്പെട്ടിട്ടില്ല എന്നുള്ള സാക്ഷ്യപത്രം എം. എൽ. എ. നൽകണമെന്നുള്ള നിബന്ധന/'പഞ്ചായത്ത് പ്രസിഡന്റ്'' അല്ലെങ്കിൽ 'എം. എൽ. എ.'യുടെ സാക്ഷ്യപത്രം എന്ന് മാറ്റുന്നകാര്യം പരിശോധിക്കേണ്ടതാണെന്ന് സമിതി ചൂണ്ടിക്കാട്ടി.

റേഷൻ കാർഡുകൾ കമ്പ്യൂട്ടറൈസ്ഡ് ഫോർമാറ്റിൽ പുതുക്കുന്നതിനുള്ള ആദ്യ ഘട്ടത്തിലെ പ്രവർത്തനങ്ങൾക്ക് കെൽട്രോണിനും രണ്ടാംഘട്ടത്തിലെ പ്രവർത്തന ങ്ങൾക്ക് സി-ഡിറ്റിനും കുടിശ്ശിക തുക നൽകാനുണ്ട്. ആയതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ 107.98 ലക്ഷം രൂപ കൂടി അധികമായി വകയിരുത്താൻ സമിതി ശുപാർശ ചെയ്തു.

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ആരംഭിച്ചിട്ടുള്ള ഇൻഡിജിനസ് ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കേരളത്തിലെ നാടൻ ഭക്ഷ്യ വസ്തുക്കളുടെ തനിമ നിലനിർത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ളതാക്കാനുദ്ദേശിച്ചുളളതാണ്. ഭക്ഷണ സാധനങ്ങളിലെ മായം എത്രയും പെട്ടെന്ന് കണ്ടെത്തുന്നതിനുള്ള ആധുനിക സംവിധാനമുള്ള ഭക്ഷ്യഗുണനിലവാര നിരീക്ഷണ ലബോറട്ടറി, നാടൻ ഭക്ഷ്യവസ്തുക്കളുടെ തനിമ നിലനിർത്തി അവ ഉണ്ടാക്കുന്ന രീതി നവീകരിക്കുവാൻ ഇൻഡിജിനസ് ഫുഡ് പ്രോസസിംഗ് ടെക്നോളജിയിൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന തദ്ദേശീയ ഭക്ഷ്യ സാങ്കേതിക കോളേജ്, ഭക്ഷ്യസംസ്ക്കരണ പരിശീലന കേന്ദ്രം, ഭക്ഷ്യ പാർക്ക് എന്നിവ ഇൻസ്റ്റി റ്റ്യൂട്ടിന്റെ ഭാഗമാണ്. ഇന്ത്യയിലെ ഏറ്റവും ആധുനിക സൗകര്യങ്ങളുള്ള ലാബിന്റെ വികസനത്തിന് കൂടുതൽ ഫണ്ട് ആവശ്യമാണെന്ന് ഭക്ഷ്യ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിനെപ്പറ്റി പൊതുജനങ്ങളുടെയിടയിൽ അവബോധ മില്ലെന്ന് സമിതി അഭിപ്രായപ്പെടുകയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൂടുതൽ മേഖലാ കേന്ദ്രങ്ങൾ തുടങ്ങുന്നതിന്റെ സാധ്യത ആരായുകയും ചെയ്തു. ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മനസ്സിലാക്കുന്നതിനായി പ്രസ്തുത സ്ഥാപനം സന്ദർശിക്കുന്നതിന് സമിതി തീരുമാനിച്ചു.

അന്താരാഷ്ട്ര നിലവാരമുള്ള ഇൻഡിജിനസ് ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ചിട്ടുള്ള 110 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണെന്നും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ നടത്തിപ്പും വികസനവും ഉറപ്പുവരുത്തുന്നതിനായി 4 കോടി 85 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്തു.

കമ്പ്യൂട്ടർവൽക്കരണത്തിനായി അനുവദിച്ചിട്ടുളള തുക സിവിൽ സപ്ലൈസ് വകുപ്പിനുകീഴിലുള്ള ഓഫീസുകളിൽ റേഷൻ കാർഡുകളുടെ വിതരണത്തിനായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനും, സോഫ്റ്റ്വെയർ വികസനത്തിനായുളള പ്രോജക്ട് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് മതിയാവുകയി ല്ലെന്നതിനാൽ ഈ ശീർഷകത്തിൽ അധികമായി 62.5 ലക്ഷം രൂപ കൂടി അനുവദി ക്കാൻ സമിതി ശുപാർശ ചെയ്തു.

മാവേലി സ്റ്റോർ, ത്രിവേണി സ്റ്റോർ, ലാഭം മാർക്കറ്റുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിലെ താല്ക്കാലിക ജീവനക്കാർക്ക് തുച്ഛമായ വേതനമാണ് ലഭിക്കുന്ന തെന്നതിനാൽ അവരുടെ പ്രതിദിനവേതനം 200 രൂപയാക്കി വർദ്ധിപ്പിക്കുവാൻ സമിതി ശുപാർശ ചെയ്തു.

വിലക്കയറ്റം തടയാൻ റേഷൻ കടകൾവഴി നിത്യോപയോഗസാധനങ്ങൾ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നും അതിനായി 3000 റേഷൻ കടകൾ തെരഞ്ഞെടുത്തിട്ടുണ്ടെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

പുതിയതായി മാവേലി സ്റ്റോർ അനുവദിക്കണമെങ്കിൽ 500 സ്ക്വയർ ഫീറ്റ് സ്ഥലവും കമ്പ്യൂട്ടറും വേണമെന്നും ഇവ നൽകിയാൽ വകുപ്പിൽ നിന്ന് പരിശോധന നടത്തി മാവേലി സ്റ്റോർ അനുവദിക്കുമെന്നും ചെയർമാൻ വ്യക്തമാക്കി.

സിവിൽ സപ്ലൈസ് വകുപ്പിൽ പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്കും അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർക്ക് മുകളിലുള്ള ഉദ്യോഗസ്ഥർക്കും പൊതുവിതരണം, ധനവിനിയോഗം എന്നിവ സംബന്ധിച്ച വിഷയങ്ങളിൽ നടത്തിവരുന്ന പരിശീലനത്തിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്തു.

ഉപഭോക്തൃ സംരക്ഷണ സമിതി/സംഘങ്ങൾ, ഗ്രാമീണതല കൺസ്യൂമർ സംഘങ്ങൾ തുടങ്ങിയവയ്ക്ക് സഹായം നൽകുക, ഉപഭോക്താക്കളെ അവരുടെ അവകാശങ്ങളെപ്പറ്റി ബോധവാന്മാരാക്കുക എന്നീ പരിപാടികൾ ഭക്ഷ്യ പൊതു വിതരണ വകുപ്പ് നടപ്പാക്കുന്നുണ്ടെന്ന് വകുപ്പുതല ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പലചരക്കുകടകളിൽ സാധനങ്ങളുടെ വിലവിവരപ്പട്ടിക വ്യക്തമായി വായിക്കുവാൻ പറ്റിയവിധത്തിൽ പ്രദർശിപ്പിക്കണമെന്നത് നിർബന്ധമാക്കണമെന്ന് സമിതി ചെയർമാൻ നിർദ്ദേശിച്ചു.

റേഷൻ കടകളിൽ സാധനങ്ങളുടെ സ്റ്റോക്കും വിലയും പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡുകൾ, റേഷൻ സാധനങ്ങൾ ദുരുപയോഗം ചെയ്യാതെ ശരിയായ രീതിയിൽ വിതരണം ചെയ്യുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ച് കടകൾ നവീകരിക്കുന്ന പദ്ധതിക്കായി വകയിരുത്തിയ തുകയ്ക്കുപുറമേ അധികമായി ചെലവുവരുന്ന 15 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്തു.

സംസ്ഥാനത്ത് പല റേഷൻ കടകളും ജനങ്ങൾക്ക് എത്തിച്ചേരുവാൻ സൗകര്യമുള്ള സ്ഥലങ്ങളിലല്ല പ്രവർത്തിക്കുന്നതെന്നും ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ സൗകര്യപ്രദമായ സ്ഥലങ്ങളിൽ റേഷൻ കടകൾ പ്രവർത്തിപ്പിക്കുവാൻവേണ്ട നിർദ്ദേശം നൽകണമെന്നും സമിതി ശുപാർശ ചെയ്തു.

മാർക്കറ്റ്ഫെഡിന്റെ പുനരധിവാസത്തിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്തു.

2011 ആഗസ്റ്റ് മാസം 17-ാം തീയതി ചേരുവാൻ നിശ്ചയിച്ചിരുന്ന സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ യോഗം 2011 ആഗസ്റ്റ് മാസം 16-ാം തീയതിയിലേക്ക് മാറ്റുവാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 12.45-ന് പിരിഞ്ഞു.

## 2-8-2011-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI (2011-13) 2011 ആഗസ്റ്റ് മാസം 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ III A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ടി. എം. ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗവും സഹകരണ വകുപ്പുമന്ത്രിയുമായ ശ്രീ. സി. എൻ. ബാലകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി ഗീതാ ഗോപി, എം.എൽ.എ.
2. ഡോ. എൻ. ജയരാജ്, എം.എൽ.എ.
3. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ, എം.എൽ.എ.
4. ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.
5. ശ്രീ. കെ. കെ. നാരായണൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. കെ. മൊഹന്തി, അഡീഷണൽ ചീഫ് സെക്രട്ടറി (സഹകരണ വകുപ്പ്)
2. ശ്രീ. പി. എസ്. പ്രദീപ്, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
3. ശ്രീ. വി. വി. വിനയകുമാർ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പ്
4. ശ്രീമതി കെ. ഉഷാദേവി, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
5. ഡോ. റിജി ജി. നായർ, മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്
6. ശ്രീ. കെ. ജി. രാജു, ഡയറക്ടർ, സഹകരണ ഓഡിറ്റ്
7. ഡോ. എസ്. രവീന്ദ്രൻ, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

സമിതി 2011-12 സാമ്പത്തികവർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം,

XXX—ഭക്ഷ്യം എന്നിവ പരിഗണിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശുപാർശകളും നിർദ്ദേശങ്ങളും നൽകുകയുമുണ്ടായി:

കാർഷികോൽപ്പാദനച്ചെലവ് സമാശ്വാസ പദ്ധതി

കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 5% പലിശയിളവ് നൽകുന്നതിനായി 2011-12 സാമ്പത്തികവർഷത്തേക്ക് 10 കോടി രൂപ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുള്ളത് കൂടാതെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക വികസന ബാങ്കുകൾ എന്നിവയിൽ നിന്നും വായ്പയെടുക്കുന്ന കർഷകന് കൃത്യമായ വായ്പ തിരിച്ചടവിന് മുതൽ തുകയുടെ 6% ആനുകൂല്യം നൽകുന്ന കാർഷികോൽപ്പാദനചെലവ് സമാശ്വാസ പദ്ധതിയുടെ കുടിശ്ശിക തീർക്കുന്നതിനായി 50 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

പ്രൊഫഷണൽ എഡ്യുക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാദമിക്കുള്ള ധനസഹായം

സഹകരണ അക്കാദമിക്ക് സർക്കാർ ഗ്രാന്റ് നൽകുന്നതിനുള്ള വ്യവസ്ഥയനുസരിച്ച് അക്കാദമിക്ക് നൽകുവാനുള്ള 43.27 കോടി രൂപയിൽ 2010-11-ൽ 1.46 കോടി രൂപയും 2011-12-ൽ 1.75 കോടി രൂപയും മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ ശീർഷകത്തിൽ 40.06 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഉത്സവചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനം

കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ഉത്സവചന്തകൾ നടത്തുന്നതിനായി 5 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈയിനത്തിൽ ഫെഡറേഷന് 102 കോടി രൂപ കൂടി അനുവദിച്ച് നൽകേണ്ടതുണ്ട്. നിത്യോപയോഗസാധനങ്ങൾക്ക് വിലയേറി നിൽക്കുന്ന സാഹചര്യത്തിൽ സാധാരണക്കാർക്ക് ആശ്വാസമായ ഉത്സവചന്തകളുടെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി ഈ സാമ്പത്തികവർഷത്തിൽ 100 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഗവൺമെന്റ് സ്ഥാപനങ്ങളായ കൺസ്യൂമർഫെഡും സപ്ലൈകോയും തമ്മിൽ മത്സരമുണ്ടാകരുതെന്നും വിലയിൽ വ്യത്യാസം വരാതെ നോക്കണമെന്നും അതിനായി രണ്ടുസ്ഥാപനങ്ങളുടെയും എം.ഡി.മാർ തമ്മിൽ ചർച്ച നടത്തുന്നത് നന്നായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം

പ്രാഥമിക കാർഷിക സംഘങ്ങൾക്ക് ഓഹരി മൂലധനം

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

2011-12 വർഷത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവയ്ക്കുള്ള ധനസഹായമായി അനുവദിച്ചിട്ടുള്ള 700 ലക്ഷം രൂപ ഓഹരി, സബ്സിഡി, വായ്പ എന്നീ ഇനങ്ങളിൽ സഹായം നൽകുന്നതിനുപുറമേ പ്രവർത്തനം മന്ദീഭവിച്ച പ്രാഥമിക വായ്പാസംഘങ്ങളെ പുനരുദ്ധരിക്കുന്ന പ്രവർത്തനത്തിനുംകൂടി

പര്യാപ്തമാവുകയില്ല എന്നതിനാൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന്റെ ഭാഗമായി വായ്പ അനുവദിക്കുന്നതിനായി 'പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പുനരുദ്ധാരണം' എന്ന ഇനം കൂടി പദ്ധതി സംബന്ധിച്ച വിശദവിവരങ്ങളിൽ ഉൾപ്പെടുത്തുന്നതിനും 1500 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കുന്നതിനും സമിതി ശുപാർശ ചെയ്തു.

<u>ദുർബലവും എന്നാൽ പുരോഗമിക്കുവാൻ സാദ്ധ്യതയുമുള്ള സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പാക്കേജ്</u>

<u>ദുർബലവും എന്നാൽ അഭിവൃദ്ധിപ്പെടാൻ സാദ്ധ്യതയുമുള്ള സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പാക്കേജ്</u>

<u>ക്ഷയിച്ച സഹകരണ സംഘങ്ങളുടെ പുനരധിവാസത്തിന്</u>

ദുർബലവും പുരോഗമിക്കുവാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായമായി വകയിരുത്തിയിരിക്കുന്ന 150 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 150 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

<u>വിനോദസഞ്ചാര വികസനത്തിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം</u>

<u>വിനോദസഞ്ചാര വികസനത്തിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള ഓഹരി മൂലധന വിഹിതം</u>

വിനോദസഞ്ചാരം വികസിപ്പിക്കുന്നതിനായി കേരളത്തിലുടനീളം വിപുലമായ ശൃംഖലയുള്ളതും നല്ല രീതിയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനായി രണ്ടുവർഷം മുമ്പ് തുടങ്ങിയ പദ്ധതിയനുസരിച്ച് നാല് സഹകരണ സംഘങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 30 ലക്ഷം രൂപ തികച്ചും അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

<u>സഹകരണ റിസ്ക് ഫണ്ട് പദ്ധതി</u>

സഹകരണ റിസ്ക് ഫണ്ട് പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ശീർഷകം പുനഃസ്ഥാപിക്കേണ്ടതും ആ ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്തു.

<u>സഹകരണ വകുപ്പിന്റെ നവീകരണം</u>

സഹകരണ വകുപ്പിന്റെ ആധുനികവല്ക്കരണത്തിനായി 15 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. സഹകരണ വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളുടെ ആധുനികവല്ക്കരണം, സഹകരണ മേഖലയെക്കുറിച്ചുള്ള പ്രചരണത്തിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് ഈ തുക മതിയാകുകയില്ല. ആയതിനാൽ സഹകരണ വകുപ്പിന്റെ നവീകരണത്തിനായി 155 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സഹകരണ പ്രസിദ്ധീകരണങ്ങൾ നിയമസഭാംഗങ്ങൾക്ക് ലഭിക്കാറില്ലെന്ന് സമിതി ചൂണ്ടിക്കാട്ടുകയും സഹകരണ വകുപ്പിലെ പുതിയ പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ അറിയുന്നതിനായി സഹകരണ പ്രസിദ്ധീകരണങ്ങൾ കേരളത്തിലെ എല്ലാ നിയമസഭാംഗങ്ങൾക്കും പാർലമെന്റംഗങ്ങൾക്കും അയച്ചുകൊടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

<u>സഹകരണ വകുപ്പിലെ പരിശീലനം</u>

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വകുപ്പുതലത്തിൽ റിഫ്രഷർ കോഴ്സും പരിശീലനവും ഉണ്ടെങ്കിലും പലപ്പോഴും ഉദ്യോഗസ്ഥർ അവയിൽ പങ്കെടുക്കാറില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കണമെന്നുള്ളത് കർശനമാക്കണമെന്നും സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞവർഷം നൽകിയ പരിശീലനം, അവയിൽ പങ്കെടുത്തവരുടെ വിവരം എന്നിവ സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

<u>സഹകരണ വകുപ്പിന് ആസ്ഥാനമന്ദിരം</u>

സഹകരണ വകുപ്പിന് ആസ്ഥാനമന്ദിരം പണിയുന്നതിനായി തുകയൊന്നും അനുവദിച്ചിട്ടില്ല. വകുപ്പിന് ആസ്ഥാനമന്ദിരം പണിയുന്നതിനായി ഹാന്റക്സിന്റെ വായ്പാ കുടിശ്ശികയ്ക്കുപകരമായി ഹാന്റക്സിന്റെ സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കുകയും പുതിയ ഹെഡ് ഓഫ് അക്കൗണ്ടിൽ 3500 ലക്ഷം രൂപ വകയിരുത്തുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്തു.

സമിതിയുടെ അടുത്ത യോഗങ്ങൾ 2011 ആഗസ്റ്റ് മാസം 16-ാം തീയതി തിരുവനന്തപുരത്തും സെപ്റ്റംബർ മാസം 5-ാം തീയതി കോന്നിയിലും കൂടുന്നതിന് തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

## 16-8-2011-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2011 ഓഗസ്റ്റ് മാസം 16-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ III-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ടി. എം. ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീമതി ഗീതാ ഗോപി, എം. എൽ. എ.
2. ഡോ. എൻ. ജയരാജ്, എം. എൽ. എ.
3. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം. എൽ. എ.
4. ശ്രീ. ലൂഡി ലൂയിസ്, എം. എൽ. എ.
5. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

സമിതി 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം, XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ, XXX—ഭക്ഷ്യം എന്നിവയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

കരട് റിപ്പോർട്ടിലെ '2425-00-003-88- സഹകരണ വകുപ്പിലെ പരിശീലനം' എന്ന ശീർഷകത്തിനു താഴെയുള്ള 10-ാം ഖണ്ഡികയിലെ ശുപാർശയുടെ അവസാനം "സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ വകുപ്പിലെ പരിശീലന പരിപാടികളിൽ നിർബന്ധമായും പങ്കെടുക്കണമെന്ന കർശന നിർദ്ദേശം നൽകണമെന്നും സമിതി" നിർദ്ദേശിച്ചു എന്നു കൂടി ചേർക്കുവാൻ സമിതി തീരുമാനിച്ചു.

കരട് റിപ്പോർട്ടിലെ '2408-01-190-96 – കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്' എന്ന ശീർഷകത്തിന് താഴെയുള്ള ഖണ്ഡിക നമ്പർ 15-ലെ ശുപാർശയിലെ "മരുന്നുകൾ ഉല്പാദകരിൽ നിന്ന് നേരിട്ട് വാങ്ങി ലാഭമെടുക്കാതെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ", "സപ്ലൈകോയുടെ 100 മെഡിക്കൽ ഷോപ്പുകൾകൂടി ആശുപത്രികളുടെ പരിസരത്തുതന്നെ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കണ

മെന്ന് സമിതി ശുപാർശ ചെയ്യുന്നു" എന്ന വാക്യം "മരുന്നുകൾ ഉല്പാദകരിൽനിന്ന് നേരിട്ട് വാങ്ങി പരമാവധി വിലക്കുറവിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നൽകണമെന്നും, സപ്ലൈകോയുടെ 100 മെഡിക്കൽ ഷോപ്പുകൾകൂടി ആശുപത്രികളുടെ പരിസരത്തുതന്നെ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു" എന്നു ഭേദഗതി ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കരട് റിപ്പോർട്ടിലെ 'മാർക്കറ്റ്ഫെഡ് പുനരധിവാസം' എന്ന ശീർഷകത്തിനു താഴെയുള്ള 24-ാം ഖണ്ഡികയിലെ "മാർക്കറ്റ്ഫെഡ് പുനരധിവാസത്തിനായി വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു" എന്ന ശുപാർശ "മാർക്കറ്റ്ഫെഡിന്റെ റീഹാബിലിറ്റേഷന്റെ ഭാഗമായി മാർക്കറ്റ് ഫെഡിന്റെ കടബാദ്ധ്യതകൾ തീർപ്പാക്കാൻ 7-10-2003-ൽ അനുവദിച്ച 1969.33 ലക്ഷം രൂപ ഇതുവരെ നല്കാത്തതിൽ സമിതി ആശങ്ക രേഖപ്പെടുത്തുകയും ഈ തുക പലിശ സഹിതം മാർക്കറ്റ് ഫെഡിന് ഈ വർഷം തന്നെ കൊടുത്തുതീർക്കണമെന്ന് സമിതി ശുപാർശ ചെയ്യുകയും ചെയ്യുന്നു" എന്ന് ഭേദഗതി ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നേരിൽ കണ്ട് മനസ്സിലാക്കുന്നതിനായി 5-9-2011-ൽ സമിതി കോന്നിയിലെ പ്രസ്തുത സ്ഥാപനം സന്ദർശിക്കുവാൻ തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

## 5-9-2011-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI, 2011 സെപ്റ്റംബർ 5-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് നിയമസഭാ ഹോസ്റ്റലിൽ യോഗം ചേരുകയും തുടർന്ന് പത്തനംതിട്ട ജില്ലയിലെ കോന്നിയിലുള്ള കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുകയും ചെയ്തു. യോഗത്തിൽ സമിതി ചെയർമാനും ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ടി. എം. ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു.

അംഗങ്ങൾ :

1. ഡോ. എൻ. ജയരാജ്, എം. എൽ. എ.
2. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം. എൽ. എ.
3. ശ്രീ. ലൂഡി ലൂയിസ്, എം. എൽ. എ.
4. ശ്രീ. കെ. കെ. നാരായണൻ, എം. എൽ. എ.
5. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. വേണുഗോപാൽ, ജില്ലാകളക്ടർ, പത്തനംതിട്ട ജില്ല
2. ശ്രീമതി എം. എസ്. ജയ, സിവിൽ സപ്ലൈസ് ഡയറക്ടർ & സ്പെഷ്യൽ ഓഫീസർ, സി. എഫ്. ആർ. ഡി.
3. ശ്രീ. വി. വി. വിനയകുമാർ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ പൊതു വിതരണ ഉപഭോക്തൃകാര്യ വകുപ്പ്
4. ശ്രീ. എം. ബി. മുരളീധരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി, ഭക്ഷ്യ പൊതു വിതരണ ഉപഭോക്തൃകാര്യ വകുപ്പ്
5. ശ്രീ. സി. എസ്. മോഹനകുമാർ, ചീഫ് അക്കൗണ്ട്സ് ഓഫീസർ, സിവിൽ സപ്ലൈസ്
6. ഡോ. എം. കെ. മുകുന്ദൻ, ഡയറക്ടർ, സി. എഫ്. ആർ. ഡി.
7. ശ്രീമതി ഗ്രേസ് ബേബി, ചീഫ് അനലിസ്റ്റ്, സി. എഫ്. ആർ. ഡി.
8. ശ്രീ. അനിൽ, പി. എസ്., മാനേജർ (ഫിനാൻസ്), സപ്ലൈകോ
9. ശ്രീമതി ബീനാ ചെറിയാൻ, പ്രിൻസിപ്പൽ, സി. എഫ്. ആർ. ഡി. ഇൻസ്റ്റിറ്റ്യൂട്ട്.

സമിതിയുടെ സന്ദർശന വേളയിൽ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിക്ക് വേണ്ട വിശദീകരണം നല്കി. 2005-ൽ രജിസ്റ്റർ ചെയ്ത സ്ഥാപനം കേരള സർക്കാരിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി 2007-ൽ പ്രവർത്തനം വിപുലമാക്കിയതായും ഭക്ഷ്യ ഗുണനിലവാര ലബോറട്ടറി, തദ്ദേശീയ ഭക്ഷ്യ സാങ്കേതിക വിദ്യാ കോളേജ്, ഭക്ഷ്യസംസ്ക്കരണ പരിശീലന കേന്ദ്രം, ഭക്ഷ്യ പാർക്ക് എന്നിവ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായി സജ്ജീകരിച്ചിട്ടുള്ളതായും സി. എഫ്. ആർ. ഡി. ഡയറക്ടർ അറിയിച്ചു.

കേന്ദ്രസർക്കാർ ആകെ 5 കോടി 57 ലക്ഷം രൂപ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസന ത്തിനായി വകയിരുത്തിയിട്ടുണ്ടെന്നും അതിൽ നിന്നും ഇതുവരെ ലഭിച്ച തുക ഉപയോഗപ്പെടുത്തുകയും ബാക്കി തുക ലഭിക്കുന്നതിനായുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഡയറക്ടർ അറിയിച്ചു. കേരള സർക്കാർ വകയിരുത്തിയിട്ടുള്ള 10 കോടി രൂപയിൽ 3 കോടി 15 ലക്ഷം രൂപ 2011-12 സാമ്പത്തിക വർഷം വരെ ലഭി ച്ചിട്ടുള്ളതായും നടപ്പു സാമ്പത്തിക വർഷം അനുവദിച്ച 110 ലക്ഷം രൂപ ഇതുവരെ ലഭിച്ചിട്ടില്ലായെന്നും ഡയറക്ടർ തുടർന്നു പറഞ്ഞു.

ഇൻസ്റ്റിറ്റ്യൂട്ടിലെ ലാബിലുള്ള മൈക്രോബയോളജി സിസ്റ്റം വികസിപ്പിക്കുന്നതി നായി കേന്ദ്ര സർക്കാരിന്റെ സഹായധനം ഉപയോഗപ്പെടുത്തിയതായും കെമിക്കൽ ബയോളജി സിസ്റ്റം വികസിപ്പിച്ചാലേ മായം ചേർക്കൽ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം കൂടുതൽ ഫലപ്രദമായി നടപ്പാക്കാനാകൂ എന്നും സി. എഫ്. ആർ. ഡി. ഡയറക്ടർ വിശദീകരിച്ചു. ലാബിൽ പരിശോധന നടത്തുന്നതിനായി ഫുഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്ന് ഫണ്ട് ലഭിക്കാറുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോടുകൂടി സ്വാശ്രയ അടിസ്ഥാനത്തിലുള്ള ബി.എസ്സി., എം.എസ്സി. (ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ്) കോഴ്സുകളാണ് ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ചിട്ടുള്ള തെങ്കിലും സ്ഥലപരിമിതിമൂലം എം.എസ്സി. കോഴ്സ് മാത്രമാണ് ഇപ്പോൾ നടത്തി വരുന്നതെന്നും 200 ലക്ഷം രൂപ സംസ്ഥാന വിഹിതവും 50 ലക്ഷം രൂപ കേന്ദ്ര വിഹിതവും ഉൾപ്പെടെ ഏകദേശം 2.5 കോടി രൂപ മുതൽമുടക്കിൽ കോളേജ് കെട്ടിടവും മറ്റും നിർമ്മിക്കാമെന്നാണ് ഉദ്ദേശിക്കുന്നതെന്നും കേന്ദ്ര സർക്കാരിന്റെ സഹായം പൂർണ്ണമായി ലഭിച്ചാൽ ലക്ച്ചർ ഹാൾ, ട്രെയിനിംഗ് സെന്റർ, ഹോസ്റ്റൽ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള അക്കാദമിക്ക് ബ്ലോക്ക് പൂർത്തി യാക്കി ദേശീയ തലത്തിൽ അംഗീകാരം ലഭിക്കത്തക്ക വിധത്തിൽ സ്ഥാപനം വികസിപ്പിക്കുവാൻ സാധിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദീകരിച്ചു.

കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്ന മെഗാ ഫുഡ് പാർക്കിന് കേരള സർക്കാർ 50 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ടെന്നും എന്നാൽ 30% സ്വകാര്യ പങ്കാളിത്തമുള്ള സംരംഭങ്ങൾക്ക് സഹായം നൽകുക എന്നതാണ് ഇപ്പോഴത്തെ നയം എന്നതിനാൽ പൂർണ്ണമായും സംസ്ഥാന സർക്കാർ സംരംഭമായ സി. എഫ്. ആർ. ഡി.ക്ക് ഈ വർഷം കേന്ദ്രസഹായം ലഭിച്ചിട്ടില്ലെന്നും ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു. ഫണ്ടിന്റെ അപര്യാപ്തതമൂലം സ്ഥാപനത്തിന്റെ വികസനം

ശരിയായ വിധത്തിൽ നടക്കുന്നില്ലെന്നും പ്രോസസ്സിംഗ് സംവിധാനത്തിന്റെ അപര്യാപ്തത പല ഉല്പന്നങ്ങളും പാഴായിപ്പോകുന്നതിനിടയാക്കുകയാണെന്നും പണം ലഭിച്ചാൽ പ്രോസസ്സിംഗ് യൂണിറ്റ് വികസിപ്പിക്കാനും പരിശീലനം നൽകി ജീവനക്കാരെ നിയമിക്കാനും സാധിക്കുമെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

സി. എഫ്. ആർ. ഡി. യിലെ നിർമ്മാണ പ്രവർത്തനങ്ങൾ വിശദീകരിക്കുവാൻ സമിതി ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ, പ്രകൃതിയിലുള്ള സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഡിസൈനാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അവലംബിച്ചിട്ടുള്ളതെന്നും ഫണ്ട് കുറവായതു കൊണ്ട് ഗ്രൗണ്ട് ഫ്ളോറിൽ ലാബ്, ക്ലാസ്സ്റൂം, റ്റോയ്‌ലെറ്റ് തുടങ്ങിയവ ഉൾപ്പെടുത്തിയ ആദ്യപാദം മാത്രമാണ് ഇപ്പോൾ നിർമ്മിക്കുന്നതെന്നും മറ്റു കെട്ടിടങ്ങൾ പിന്നീട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദീകരിച്ചു. നിർമ്മിക്കാനുദ്ദേശിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തിൽ 120 കുട്ടികൾക്ക് താമസ സൗകര്യം ഉണ്ടായിരിക്കുമെന്നും 15 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടു ള്ളതെന്നും അദ്ദേഹം തുടർന്നു പറഞ്ഞു.

കേരള സർക്കാരിൽ നിന്ന് ഈ വർഷം ലഭിക്കാനുള്ള 110 ലക്ഷം രൂപ എന്ത് ആവശ്യത്തിന് ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന ചോദ്യത്തിന് രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലമായതിനാൽ ആ ഫണ്ട് കൊണ്ട് പ്രധാനമായും ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിനും ലബോറട്ടറി സ്ഥാപിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നതെന്ന് സി. എഫ്. ആർ. ഡി. ഡയറക്ടർ മറുപടി നൽകി.

ഫണ്ടിന്റെ അപര്യാപ്തതയുള്ളതിനാൽ ചെക്ക് ഡാം നിർമ്മാണം മൈനർ ഇറിഗേഷൻ വകുപ്പ് ഏറ്റെടുക്കാനാവശ്യപ്പെടാമെന്ന് സമിതി ചൂണ്ടിക്കാട്ടുകയും അതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. മൈനർ ഇറിഗേഷൻ വകുപ്പ് നിർമ്മാണം ഏറ്റെടുത്താൽ ചെക്ക് ഡാമിനായുള്ള ഫണ്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താമെന്നും സമിതി അഭിപ്രായപ്പെട്ടു.

കേന്ദ്ര സർക്കാരിൽ നിന്നുള്ള പണം ലഭിക്കാനായി സ്വീകരിച്ച നടപടികളെപ്പറ്റി സമിതി ആരാഞ്ഞു. ഇനിയും ലഭിക്കുവാനുള്ള 96 ലക്ഷം രൂപയ്ക്കായി സി. എഫ്. ആർ. ഡി. സ്പെഷ്യൽ ഓഫീസർ വഴി പ്രൊപ്പോസൽ അയച്ചിട്ടുണ്ടെന്നും അവിടത്തെ പ്രൊസീഡിയർ അനുവദിച്ച് സപ്ലൈ ഓർഡർ ആയിക്കഴിഞ്ഞാലേ ഫണ്ട് ലഭിക്കൂ എന്നും അടുത്തമാസം സപ്ലൈ ആകുമ്പോൾ ഫണ്ട് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സി. എഫ്. ആർ. ഡി. ഡയറക്ടർ അറിയിച്ചു. സി. എഫ്. ആർ. ഡി.യിൽ നിന്ന് ഫണ്ടിനായി ആവശ്യപ്പെട്ടതു സംബന്ധിച്ച കത്തിടപാടുകളുടെ വിശദാംശങ്ങൾ നൽകണമെന്ന് സമിതി ചെയർമാൻ ആവശ്യപ്പെടുകയും ഫണ്ട് ലഭിക്കണമെന്നുള്ള ആവശ്യം സർക്കാർ തലത്തിൽ ഏറ്റെടുക്കാമെന്ന് ഉറപ്പു നൽകുകയും ചെയ്തു.

സ്ഥാപനത്തിലുള്ള ജീവനക്കാരെപ്പറ്റിയുള്ള സമിതിയുടെ ചോദ്യത്തിന് ആകെ 8 ജീവനക്കാരും കോളേജിൽ 4 ജീവനക്കാരുമാണുള്ളതെന്നും ചീഫ് അനലിസ്റ്റ്

മാത്രമാണ് സ്ഥിരം സ്റ്റാഫ് എന്നും ഡയറക്ടർ ഉൾപ്പെടെ മറ്റെല്ലാജീവന ക്കാരുംകോൺട്രാക്റ്റ് അടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നതെന്നും ക്ലറിക്കൽ സ്റ്റാഫ് ഇല്ലെന്നും ഡയറക്ടർ മറുപടി നൽകി. സ്ഥാപനത്തിന് കൃത്യമായ സ്റ്റാഫ് പാറ്റേൺ ഉണ്ടാക്കിയിട്ടില്ലെന്നും ഇപ്പോൾ സപ്ലൈകോയിൽ നിന്ന് 2 സ്റ്റാഫിനെ നൽകുവാനുള്ള ഉത്തരവ് ആയിട്ടുണ്ടെണ്ടന്നും സി.എഫ്.ആർ.ഡി. സ്പെഷ്യൽ ഓഫീസർ അറിയിച്ചു.

ശരിയായ യോഗ്യതയുള്ള ഡയറക്ടർ, കോളേജിന് പ്രിൻസിപ്പൽ, ചീഫ് അനലിസ്റ്റ്, ട്രെയിൻഡ് ഫുഡ് പ്രോസസിംഗ് കോ-ഓർഡിനേറ്റർ, തുടങ്ങിയവർ സ്ഥാപനത്തി ലുണ്ടാവണമെന്നും എം.എസ്‌സി. ഡിഗ്രി ഇൻ ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസും 15 വർഷത്തെ പ്രവർത്തി പരിചയവുമാണ് അവരുടെ യോഗ്യ തയെന്നും കൂടാതെ കോളേജിൽ 5 ലക്ച്ചറർ, ഫുഡ്പ്രോസസിംഗിന് 3 ഉം മൈക്രോ ബയോളജി ലാബിൽ 2ഉം ലാബ്അനലിസ്റ്റ്മാർ 14 ക്ലറിക്കൽ സ്റ്റാഫ് 3 ലാബ്അറ്റൻഡർ എന്നിങ്ങനെ ജീവനക്കാരെയും ആവശ്യമുണ്ടെന്ന് ഡയറക്ടർ സമിതിയോട് പറഞ്ഞു.

ലാബിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിലുള്ള ജീവനക്കാർ മാത്രമാകുന്നത് ശരിയായ രീതിയല്ലെങ്കിലും ഗവൺമെന്റ് സ്റ്റാഫിനെ നിയമിക്കുമ്പോൾ ചെലവു കൂടുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇത്രയും ജീവനക്കാരെ സി. എഫ്. ആർ. ഡി. -യിൽ ആവശ്യമാണെങ്കിലും എല്ലാവരെയും ഒന്നിച്ച് നിയമിക്കാനുളള അനുമതി ലഭിക്കാനിടയില്ലെന്നും ഓരോ വർഷത്തിലും സ്ഥാപനത്തിനുണ്ടായ പുരോഗതി ചൂണ്ടി ക്കാട്ടി പോസ്റ്റ് ക്രിയേഷൻ നടത്തണമെന്ന് ആവശ്യപ്പെടുകയാണ് വേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു. സി.എഫ്.ആർ.ഡി.യെ സംബന്ധിച്ച ഇപ്പോഴത്തെ സാഹച ര്യങ്ങളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച പ്രൊപ്പോസൽ സർക്കാരിന് അയച്ചുകൊടു ക്കുവാൻ സമിതി നിർദ്ദേശിച്ചു.

സി.എഫ്.ആർ.ഡി. എന്ന സ്ഥാപനത്തെപ്പറ്റിയോ അവിടെ നടത്തുന്ന കോഴ്സി നെപ്പറ്റിയോ അധികമാർക്കും അറിയില്ലെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോടുകൂടി 'ഫുഡ് ടെക്നോ ളജി ആന്റ് ക്വാളിറ്റി അഷ്വറൻസ്' എന്ന വിഷയത്തിൽ സ്വാശ്രയ അടിസ്ഥാനത്തി ലുള്ള ബി.എസ്‌സി., എം.എസ്‌സി. കോഴ്സുകളാണ് നടത്തുന്നതെന്നും ഇപ്പോൾ ആകെയുള്ള വിദ്യാർത്ഥികളിൽ പകുതി വീതം പെൺകുട്ടികളും ആൺകുട്ടികളുമാണു ള്ളതെന്നും ഡയറക്ടർ അറിയിച്ചു. താമസസൗകര്യം ഏർപ്പെടുത്തിയാൽ കോഴ്സിൽ ചേരുവാൻ കൂടുതൽ കുട്ടികളെത്തുമെന്നും പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് മുൻഗണന നൽകണമെന്നും അതിനുവേണ്ട വാർഡൻ, സെക്യൂരിറ്റി തുടങ്ങിയ ജീവനക്കാരെയും നിയമിക്കണമെന്നും ആൺകുട്ടികളുടെ ഹോസ്റ്റൽ അതിനുശേഷം ആരംഭിച്ചാൽ മതിയെന്നും സമിതി അഭിപ്രായപ്പെട്ടു.

കേരളത്തിൽ സി.എഫ്.ആർ.ഡി. പോലൊരു സ്ഥാപനം ഒരിടത്തു മാത്രമേയുള്ളു എന്നതിനാലും ഇതിന്റെ പ്രവർത്തനത്തെപ്പറ്റി ജനങ്ങൾക്ക് അറിയില്ല എന്നതിനാലും ഇതേ രീതിയിൽ ലാബ് സെറ്റ് ചെയ്യുകയും അതിന്റെ കളക്ഷൻ സെന്റർ കേരള ത്തിന്റെ മറ്റു പ്രദേശങ്ങളിലും മലബാർ മേഖലയിലും ആരംഭിക്കേണ്ടതാണെന്നും

സമിതി നിർദ്ദേശിച്ചു. മായം ചേർക്കുന്നതും മറ്റും കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം എല്ലായിടത്തുമുണ്ടാകുമ്പോൾ ജനങ്ങൾ ഈ സ്ഥാപനത്തിന്റെ പ്രവർത്ത നത്തെപ്പറ്റി മനസ്സിലാക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. കേരളത്തിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും പ്രത്യേകിച്ച് കാസർഗോഡ് പോലെയുള്ള സ്ഥലങ്ങളിൽ നിന്നു വരെ പരിശോധനയ്ക്കായി സാമ്പിൾ എത്താറുണ്ടെന്നും എന്നാൽ കളക്ഷൻ സെന്റർ ആരംഭിക്കുന്നതിന് 7 കോടിയോളം രൂപ ചെലവ് വരുമെന്നും ബന്ധപ്പെട്ട ഉദ്യോഗ സ്ഥർ സമിതിയെ അറിയിച്ചു. കേന്ദ്രസർക്കാരിന്റെ കൂടി സഹായത്തോടെ സെന്ററുകൾ ആരംഭിക്കണമെന്നും ആവശ്യമെങ്കിൽ സമിതി അത് ശുപാർശ ചെയ്യാമെന്നും സമിതി അഭിപ്രായപ്പെട്ടു.

തുടർന്ന് സമിതി ഭക്ഷ്യഗുണനിലവാര ലാബോറട്ടറി സന്ദർശിച്ചു. ഭക്ഷ്യ, പാനീയ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായുള്ള ആധുനിക സംവിധാനങ്ങൾ ഒരുക്കിയിരുന്ന ലാബിൽ അവയുടെ പ്രവർത്തനം ഉദ്യോഗസ്ഥർ സമിതിക്ക് വിവരിച്ചു കൊടുത്തു. ഭക്ഷ്യവസ്തുക്കളിലെ രോഗകാരണങ്ങളായ സൂക്ഷ്മാണുക്കളുടെ സാന്നിധ്യം എത്രയുംവേഗം കണ്ടുപിടിക്കുന്നതിനും വിവിധയിനം സൂക്ഷ്മാണുക്കളെ വർഗ്ഗം തിരിച്ച് കണ്ടെത്തി ഭക്ഷ്യവിഷ ബാധയുടെ ഉറവിടം മനസ്സിലാക്കുന്നതിനും പാലിന്റെയും മറ്റും ഗുണനിലവാരം പരിശോധിക്കുന്നതിനും വായുവും വെള്ളവും രോഗാണുവിമുക്തമാണോ എന്ന റിയുന്നതിനും ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടുപിടിക്കുന്നതിനുമുള്ള ആധുനിക ഉപകരണങ്ങളും ലാബിൽ സജ്ജീകരിച്ചിട്ടുണ്ടായിരുന്നു. ഒരു വസ്തുവി ലുള്ള പല തരത്തിലുള്ള മായങ്ങൾ വിവിധ ടെസ്റ്റുകൾ വഴി കണ്ടുപിടിക്കാമെന്നും മരുന്നുകളിൽ മായം കലർന്നിട്ടുണ്ടോയെന്ന് കുറേക്കൂടി കാര്യക്ഷമമായി പരിശോധി ക്കുന്നതിന് കൂടുതൽ ആധുനിക ഉപകരണങ്ങൾ ആവശ്യമുണ്ടെന്നും ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു.

മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടതുണ്ടെന്നും അതിനായി ലാബിലെ കെമിക്കൽ ഡിവിഷൻ വികസിപ്പിക്കുന്നതിനായി കൂടുതൽ ഫണ്ട് ആവശ്യമായി വരുമോയെന്നും സമിതി ആരാഞ്ഞു. നിലവിൽ അത്തരം ഉപകരണങ്ങൾ ആവശ്യപ്പെട്ടിട്ടില്ലെന്നും അവ ഇറക്കുമതി ചെയ്യേണ്ടിവരുമെന്നതിനാൽ കൂടുതൽ ഫണ്ട് ആവശ്യമായി വരുമെന്നും സി.എഫ്.ആർ.ഡി. ഡയറക്ടർ അറിയിച്ചു. അലോപ്പതി, ആയുർവേദം, ഹോമിയോ തുടങ്ങിയ എല്ലാ വിഭാഗങ്ങളിലേയും മരുന്നു കളുടേയും ഗുണനിലവാരം ലാബോറട്ടറിയിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം ഒരുക്കണമെന്ന് സമിതി ചെയർമാൻ നിർദ്ദേശിക്കുകയും അതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റുമുള്ള ഫണ്ട് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് ഉറപ്പു നൽകുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 1.45-ന് സമിതി യോഗം പിരിഞ്ഞു.

## 20-10-2011-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2011 ഒക്ടോബർ 20-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 5.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ IV A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും റവന്യൂ വകുപ്പുമന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ് ഒഫീഷ്യോ അംഗവും സഹകരണ വകുപ്പുമന്ത്രിയുമായ ശ്രീ. സി. എൻ. ബാലകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി ഗീതാ ഗോപി, എം. എൽ. എ.
2. ഡോ. എൻ. ജയരാജ്, എം. എൽ. എ.
3. ശ്രീ. ലൂഡി ലൂയിസ്, എം. എൽ. എ.
4. ശ്രീ. ജി. സുധാകരൻ, എം. എൽ. എ.
5. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. വി. എം. ഗോപാലമേനോൻ, സെക്രട്ടറി, സഹകരണവകുപ്പ്
2. ശ്രീ. കെ. ആർ. മുരളീധരൻ, കമ്മീഷണർ, സിവിൽ സപ്ലൈസ്
3. ശ്രീമതി എസ്. കുമാരിസുധ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ. വി. വി. വിനയകുമാർ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃ കാര്യവകുപ്പ്
5. ശ്രീമതി കെ. ഉഷാദേവി, അഡീഷണൽ സെക്രട്ടറി, സഹകരണവകുപ്പ്
6. ശ്രീ. കെ. ജെയിംസ് ജോസഫ്, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
7. ഡോ. എം. കെ. മുകുന്ദൻ, ഡയറക്ടർ, കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ്
8. ഡോ. എസ്. രവീന്ദ്രൻ, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
9. ശ്രീ. കെ. വി. സുരേഷ് ബാബു, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

10. ശ്രീ. പി. ബാബുരാജ്, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്

11. ശ്രീ. സി. എസ്. മോഹൻകുമാർ, ചീഫ് അക്കൗണ്ട്സ് ഓഫീസർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടുകളിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ എസ്. ആർ. ഒ. സംബന്ധിച്ച കുറിപ്പുകൾ എന്നിവ സമിതി പരിഗണനയ്ക്കെടുത്തു.

കൺസ്യൂമർ പ്രൊട്ടക്ഷൻ (കേരള) അമെന്റ്മെന്റ് റൂൾസ്, 2011 (എസ്. ആർ. ഒ. നമ്പർ 50/2011) സംബന്ധിച്ച കുറിപ്പ്.

(ഫയൽ നമ്പർ 3675/സബ്.സി.ജി1/11/ലെജി.)

സബ്ജക്റ്റ് കമ്മിറ്റിയുടെ പരിശോധന കൂടാതെ എസ്. ആർ. ഒ. നമ്പർ 50/211 വിജ്ഞാപനം ചെയ്യാനിടയായ സാഹചര്യം വിശദീകരിച്ചുകൊണ്ട് ഭക്ഷ്യപൊതു വിതരണ ഉപഭോക്തൃകാര്യവകുപ്പിൽ നിന്നുളള വിശദീകരണം സമിതി അംഗീകരിക്കുകയും നടപടിക്ക് സാധൂകരണം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ചട്ടങ്ങൾ, 2000 സംബന്ധിച്ച കുറിപ്പ്.

(ഫയൽ നമ്പർ 11186/സബ്.സി.ജി1/11/ലെജി.)

കുറിപ്പ് സമിതി പരിഗണിക്കുകയും ചട്ടത്തിലെ ഭേദഗതി അന്തിമ വിജ്ഞാപനം ചെയ്ത് നടപ്പിൽ വരുത്തിയിട്ടില്ലെന്നും പ്രസ്തുത ഭേദഗതി ഇപ്പോൾ പരിഗണനയിലില്ലായെന്നുമുളള വകുപ്പിന്റെ മറുപടി അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരം ഉൾക്കൊളളുന്ന സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു:

**ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്**

2004-05-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 11009/സബ്.സി.ജി.1/11/ലെജി.)

ഖണ്ഡിക നമ്പർ—30

2007-08-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ—11010/സബ്.സി.ജി.1/11/ലെജി.)

ഖണ്ഡിക നമ്പർ—78, 79, 81, 85, 86, 87, 88, 89

2008-09-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 11011/സബ്.സി.ജി.1/11/ലെജി.)

ഖണ്ഡിക നമ്പർ—84, 85

2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 11012/സബ്.സി.ജി.1/11/ലെജി.)

ഖണ്ഡിക നമ്പർ—65

2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 11013/സബ്.സി.ജി.1/11/ലെജി.)

ഖണ്ഡിക നമ്പർ—55, 56, 57

**സഹകരണ വകുപ്പ്**

2006-07-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 11184/സബ്.സി.ജി.1/11/ലെജി.)

ഖണ്ഡിക നമ്പർ—5, 8, 16, 20

കേപ്പിന്റെ കീഴിൽ സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് കുടിശ്ശികയിനത്തിൽ നൽകേണ്ട 40 കോടി രൂപ കൊടുത്ത് തീർക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2007-08-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 11010/സബ്.സി.ജി.1/11/ലെജി.)

ഖണ്ഡിക നമ്പർ—7, 10, 15, 16, 17, 18

2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 11012/സബ്.സി.ജി.1/11/ലെജി.)

ഖണ്ഡിക നമ്പർ—4, 5, 7, 8, 11, 12, 14, 15, 16, 18

2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 11013/സബ്.സി.ജി.1/11/ലെജി.)

ഖണ്ഡിക നമ്പർ—6, 10, 12

സമിതിയുടെ അടുത്ത യോഗം 27-10-2011-ന് തിരുവനന്തപുരത്തുവച്ച് ചേരുവാൻ തീരുമാനിച്ചു.

വൈകുന്നേരം 5.30-ന് സമിതി യോഗം പിരിഞ്ഞു.

739/2012.

## 27-10-2011-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI, 2011 ഒക്ടോബർ 27-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 3.15-ന് നിയമസഭാ സമുച്ചയത്തിലെ IV A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും റവന്യൂ വകുപ്പുമന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. എക്സ്-ഒഫീഷ്യോ അംഗവും സഹകരണ വകുപ്പുമന്ത്രിയുമായ ശ്രീ. സി. എൻ. ബാലകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ:

ശ്രീമതി ഗീതാ ഗോപി, എം.എൽ.എ.

ഡോ. എൻ. ജയരാജ്, എം.എൽ.എ.

ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.

ശ്രീ. കെ. കെ. നാരായണൻ, എം.എൽ.എ.

ശ്രീ. ജി. സുധാകരൻ, എം.എൽ.എ.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

സബ്ജക്റ്റ് കമ്മിറ്റി VII (ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും), സബ്ജക്റ്റ് കമ്മിറ്റി IX (തദ്ദേശസ്വയംഭരണവും സഹകരണവും) എന്നിവയുടെ 2010-2011 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടുകളിലെ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യം, സഹകരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച കരട് ആക്ഷൻ ടേക്കൻ റിപ്പോർട്ട് പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

വൈകുന്നേരം 3.30-ന് സമിതി യോഗം പിരിഞ്ഞു.

## 21-2-2012-ലെ യോഗ നടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI, 2012 ഫെബ്രുവരി 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാസമുച്ചയത്തിലെ V A കോൺഫറൻസ് ഹാളിൽ തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും സമിതി ചെയർമാനുമായ ശ്രീ. ഷിബു ബേബി ജോണിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സഹകരണ വകുപ്പുമന്ത്രിയും സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവുമായ ശ്രീ. സി. എൻ. ബാലകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

അംഗങ്ങൾ :

ശ്രീമതി ഗീതാ ഗോപി, എം. എൽ. എ.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം. എൽ. എ.

ശ്രീ. ലൂഡി ലൂയിസ്, എം. എൽ. എ.

ശ്രീ. ആർ. സെൽവരാജ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി എൽ. യമുനകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

ശ്രീമതി കെ. ഉഷാദേവി, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്

ശ്രീ. വി. വി. വിനയകുമാർ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

ഡോ. എസ്. രവീന്ദ്രൻ, രജിസ്ട്രാർ, സഹകരണ വകുപ്പ്

ശ്രീ. കെ. വി. സുരേഷ് ബാബു, അഡീഷണൽ രജിസ്ട്രാർ, സഹകരണ വകുപ്പ്

ശ്രീമതി ഡി. ശൈലജ കുമാരി, ഡെപ്യൂട്ടി സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

ശ്രീ. സി. എസ്. മോഹനകുമാർ, ചീഫ് അക്കൗണ്ട്സ് ഓഫീസർ, സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ്.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റിയുടെ താഴെ പറയുന്ന റിപ്പോർട്ടുകളിൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരം ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു:

**സഹകരണ വകുപ്പ്**

2004-05-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്. (ഫയൽ നമ്പർ 11009/സബ്.സി.ജി1/11/ലെജി.)

ഖണ്ഡിക നമ്പർ—7

2007-08-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്. (ഫയൽ നമ്പർ 11010/സബ്.സി.ജി1/11/ലെജി.)

ഖണ്ഡിക നമ്പർ—8, 13, 14, 18

2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്. (ഫയൽ നമ്പർ 11012/സബ്.സി.ജി1/11/ലെജി.)

ഖണ്ഡിക നമ്പർ—6, 9, 10, 13, 17

ഖണ്ഡിക നമ്പർ 13, 17 എന്നിവയുമായി ബന്ധപ്പെട്ട ശീർഷകങ്ങൾക്ക് ആവശ്യമായ അധികതുക അടുത്ത ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്. (ഫയൽ നമ്പർ 11013/സബ്.സി.ജി1/11/ലെജി.)

ഖണ്ഡിക നമ്പർ—1, 2, 3, 4, 5, 7, 8, 9, 11, 13, 14

ഖണ്ഡിക നമ്പർ 1, 7, 8, 9, 11 എന്നിവയുമായി ബന്ധപ്പെട്ട ശീർഷകങ്ങൾക്ക് ആവശ്യമായ അധികതുക അടുത്ത ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്**

2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 4875/സബ്.സി.ജി1/11/ലെജി.)

ഖണ്ഡിക നമ്പർ—13

2010-11 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII, IX എന്നിവയുടെ അഞ്ചാമത് റിപ്പോർട്ടുകളിലെ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യം, സഹകരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഹകരണ വകുപ്പിൽ നിന്ന് പിന്നീട് ലഭിച്ച നടപടിക്കുറിപ്പുകളും ഉൾപ്പെടുത്തി സമിതി അംഗീകരിച്ചു.

രാവിലെ 11.15-ന് സമിതി യോഗം പിരിഞ്ഞു.